# ത്രിപുരദഹനം

## പറയൻതുള്ളൽ.

---


പ്രസാധകൻ,

**കെ. ശങ്കരപ്പിള്ള ബി. ഏ.**

മലയാളം ലക്ചറർ.

സി. എം. എസ്. കോളേജ് കോട്ടയം.


---


പ്രകാശകൻ.

**തോമസ് പോൾ ബി. ഏ.**

"വിദ്യാവിലാസം" പ്രസിദ്ധീകരണശാല,

തിരുവനന്തപുരം.

---

"ശ്രീരാമവിലാസം" പ്രസ്സ്,

വലിയകട — കൊല്ലം.

൨-ാം പതിപ്പ് — കാപ്പി ൨൲൦.

കാപ്പിറൈറ്റ്

1096.



Digitized By Kerala Sahitya Akademi

# ത്രിപുരദഹനം

## പറയൻതുള്ളൽ

# അവതാരിക.

---

**പ്രസ്താവന.** ഈ കൃതിയുടെ ആരംഭത്തിൽ നമ്പിയാർ, അമ്പലപ്പുഴ കൃഷ്ണസ്വാമിയേയും, തകഴിയിൽ ശാസ്താവിനേയും, കണ്ടാരിബ്ഭഗവതിയേയും, കല്ലർകോട്ടു ശിവമൂൎത്തിയേയും, സ്വകുലദൈവമായ കിള്ളിക്കുറിശ്ശി മഹാദേവനേയും തന്റെ ഗുരുക്കന്മാരായ ദ്രോണമ്പള്ളി ആചാൎയ്യൻ, നന്ദിക്കാട്ടു ബാലരവി കുറുപ്പ്, എന്നിവരേയും വന്ദിക്കുന്നതായി പ്രസ്താവിച്ചുകാണുന്നു. ഇത്തരം സ്തവങ്ങളോടുകൂടിയാണു നമ്പിയാർ തന്റെ മിക്ക കൃതികളും ആരംഭിക്കാറുള്ളതു്. ദേവനാരായണൻ എന്ന സ്ഥാനപ്പേരുള്ള ചെമ്പകശ്ശേരി രാജാവിനോടും ഇതിൽ താൻ വരപ്രാൎത്ഥന ചെയ്യുന്നുണ്ടു്. നമ്പിയാരുടെ ജീവിതത്തിലെ ഉത്തരഘട്ടത്തിൽ താൻ ആശ്രയിക്കുവാനിടയായ തിരുവിതാംകൂർ മഹാരാജാവിനെപ്പററിയോ, തനിക്കു അക്കാലങ്ങളിൽ പരിചിതമായിത്തീൎന്ന ദക്ഷിണതിരുവിതാംകൂർ ക്ഷേത്രങ്ങളേപ്പററിയോ ഇതിൽ യാതൊന്നും സൂചിപ്പിച്ചു കാണുന്നില്ല. തിരുവിതാംകൂർ മഹാരാജാവിന്റെ സംരക്ഷണകാലമായതിൽ പിന്നെ താൻ രചിച്ചിട്ടുള്ള കൃതികളിലെല്ലാം ആ രാജവംശസ്തുതിയെ താൻ പുരസ്കരിച്ചു കാണുന്നതിനാൽ തിരുവിതാംകൂർ രാജാവു ചെമ്പകശ്ശേരിരാ-

Digitized By Kerala Sahitya Akademi

ജ്യം പിടിച്ചടക്കിയ കാലത്തിനു മുമ്പുതന്നെയായിരിക്കണം താൻ ഈ കൃതി രചിച്ചിട്ടുള്ളത്. അതുകൊണ്ടു ചെമ്പകശ്ശേരിരാജ്യപ്രൗഢി അസ്തമിച്ച ൯൨൫-നു മുമ്പത്രേ ഇതിന്റെ ഉത്ഭവകാലം. എന്നാൽ ആദ്യന്തരമ്യമായ ഇതിലെ സാഹിത്യഗുണം ഓർക്കുമ്പോൾ നമ്പിയാരുടെ കവിതയ്ക്കു നല്ല തഴക്കവും, പക്വതയും താൻ ഇതു രചിച്ച കാലമായപ്പോഴേയ്ക്കും സിദ്ധിച്ചിരിക്കണമെന്നു അഭിപ്രായപ്പെടേണ്ടിയിരിക്കുന്നു. അതിനാൽ ൯൨൫-നു മുമ്പുള്ള തന്റെ ആദ്യഘട്ടത്തിന്റെ എത്രയും ഒടുവിൽ തന്നെയായിരിക്കണം, നമ്പിയാർ പ്രസ്തുത കൃതി രചിച്ചിട്ടുള്ളത്.

പാക്കനാരുടെ വംശജനായ പറയൻ പറയുന്നതായിട്ടാണ് ഈ ജാതിയിലുള്ള തുള്ളക്കഥകളെ നമ്പിയാർ അവതരിപ്പിച്ചുകാണുന്നത്. അതുകൊണ്ടു മററു ചില കൃതികളുടെ പ്രാരംഭത്തിൽ കാണുന്നപോലെ മന്ത്രിയെക്കൊണ്ടോ, ശാസ്ത്രബ്രാഹ്മണനെക്കൊണ്ടോ കഥ പറയിക്കുവാനുള്ള മററു കൃത്രിമസന്ദർഭങ്ങളെയൊന്നും ഉണ്ടാക്കിക്കൊണ്ടുവരേണ്ട ആവശ്യം പറയൻതുള്ളലിനില്ലതാനും. പാക്കനാരും തദ്വംശജന്മാരും വലിയ തത്വജ്ഞാനികളായിരുന്നതിനാൽ അവരുടെ പറച്ചിലായിക്കാണിച്ചിരിക്കുന്ന തുള്ളലുകളിൽ നമ്പിയാർ വളരെ ഉചിതമാംവണ്ണം, കഴിയുന്നത്ര തത്വചിന്തകളും ഭക്തിമഹിമാരഹസ്യങ്ങളും യഥോചിതം സംഘടിപ്പിക്കാറുണ്ടു്. ദ്രവ്യകാംക്ഷയും ദുർവിനോദലാലസത്വവും നിമിത്തം ദുർവൃത്തികളിലേപ്പെട്ടു.

"കാലങ്ങൾ വൃഥാതന്നെ കഴി"ച്ചുപോരുന്ന മനുഷ്യരുടെ മനഃശുദ്ധിക്കായി, "കാലകാലൻഭഗവാന്റെ ചരിതങ്ങളുരചെയ്യാൻ" താൻ മുതിരുന്നു എന്നും എന്നാൽ "ചണ്ഡാളൻപ

Digitized By Kerala Sahitya Akademi

റഞ്ഞാലും നല്ലതെങ്കിൽ ഗ്രഹിക്കേണം; ഭാരതീതൻ വിലാസങ്ങൾക്കാക്കുമേതും ഭേദമില്ല"

യെന്ന തത്വമനുസരിച്ച് അതിനെ ജനങ്ങൾ ശ്രദ്ധിക്കണമെന്നും ഉള്ള മുഖവുരയോടുകൂടിയാണ കഥ ആരംഭിക്കുന്നത്.

കഥാസാരം.

ഈ കഥയിലെ സാരതത്വമെന്തെന്നാൽ മദാന്ധപ്രകൃതി ഏവക്കുംനാശഹേതുകമാണെന്നുള്ളതത്രേ. തപശ്ശക്തിയും,ഭക്തിശ്രദ്ധയും,ഐശ്വര്യസമൃദ്ധിയും, വിക്രാന്തശക്തിയും തികഞ്ഞിട്ടുള്ളഅസുരന്മാരാണത്രിപുരന്മാർ. ഈഗുണങ്ങളുടെ ഏകോപിച്ചുള്ള സാന്നിദ്ധ്യം ഏവക്കുംസാവ്ഭൌമസ്ഥിതിയേ പ്രദാനംചെയ്യത്തക്കതുമാണ്. എന്നാൽ ഇത്രയുമല്ലാ ഇതിൽപരം വല്ല ഗുണങ്ങളുമുണ്ടെങ്കിൽ അവയെല്ലാം കൂടി തികഞ്ഞിരുന്നാലും,—ഈ ഗുണങ്ങൾക്കു പ്രയോഗബലവും, ഐശ്വര്യബന്ധവും കൊടുത്ത ഉടമസ്ഥന്റെ മഹൽസ്ഥിതിയേ സംരക്ഷിച്ചുകൊണ്ടിരിക്കുന്നതു ആത്മബോധജന്യമായ സാക്ഷാൽ വിനയഗുണമൊന്നുമാത്രമാകുന്നു. ത്രിപുരന്മാർക്ക് ആത്മബോധമാകട്ടെ, തജ്ജന്യമായ വിനയഗുണമാകട്ടെ, ഇല്ലാതെയിരുന്നതിനാൽ അവർ വളരെ തപഃക്ലേശം അനുഭവിച്ചു ആജ്ജിച്ച ഐശ്വര്യപ്രതാപങ്ങളെല്ലാം സത്തുക്കളെ ദ്രോഹിപ്പാനായി വിനിയോഗിക്കയും, തദ്വാരാ അവക്കു വന്നുകൂടിയ സമസ്തലോകവൈപരീത്യം നിമിത്തം ഉദ്ദീപിതമായ വിശ്വനാഥനീരസാഗ്നിക്കു അവർ ഇരയായിത്തീരുകയും ചെയ്യുന്നു.

ലൌകിക സ്ഥിതിഗതികളേപ്പററി ചില സാരഭൂതമായ സംഗതികൾ, ത്രിപുരന്മാരുടെ ചരിത്രത്തിൽനിന്നും നമുക്കു ഗ്രഹിക്കത്തക്കതായുണ്ട്. ദേവന്മാക്കുപോലും അജയ്യമായിത്തീന്ന ത്രിപുരന്മാരുടെ ഐശ്വര്യസിദ്ധിയ്ക്കു വാസ്തവത്തിലുള്ള

Digitized By Kerala Sahitya Akademi

കാരണമെന്തു്? അവരുടെ ഏകാഗ്രനിഷ്ഠയോടുകൂടിയ തപസ്സ് ഒന്നുമാത്രമാണെന്നുള്ളതിനു തക്കമില്ല. തപോവൃത്തിയുടെ കാതൽ എന്തെന്നാൽ അതിക്ലേശങ്ങൾ അനുഭവിച്ചും സ്ഥിരോദ്ദേശ്യം നിവൃത്തിച്ചു കിട്ടുവാൻ നിരന്തരം പരിശ്രമിക്കുകയെന്നുള്ളതാണ്. അതിഘോരമായ തപസ്സിലേർപ്പെട്ടിരുന്നപ്പോൾ ഈ ത്രിപുരന്മാർക്ക്,

"വെയിലുതട്ടിശ്ശരീരങ്ങൾ കോലുപോലെ മെലിഞ്ഞാലും
തോലുചുക്കിച്ചുളിഞ്ഞിട്ടും ഭാവമേതും പകർന്നില്ല."

എന്നു പറഞ്ഞു കാണുന്നിടംകൊണ്ടു് അവർ അനുഭവിച്ചു ക്ലേശങ്ങൾ എത്രബാഹുല്യങ്ങളുള്ളതും അതുകൊണ്ടൊന്നും ഭാവം മാറാതെ പിന്നെയും തപസ്സുചെയ്യുന്ന, അവരുടെ നിശ്ചയബുദ്ധിയും പ്രവൃത്തിതല്പരതയും എത്രസ്തുത്യർഹമെന്നും മനസ്സിലാക്കാം. എന്തുതന്നെയായാലും അവരുടെ ഉദ്ദേശം സാധിച്ചു കിട്ടാതെ ഒഴിഞ്ഞുമാറാൻ ഭാവമില്ലെന്നു അവർ നേരേ ബ്രഹ്മസന്നിധിയിൽതന്നെയും അറിയിക്കുന്നതിപ്രകാരമാണ്.

"ഭംഗിവാക്കൊന്നുരചെയ്താൽ കൂടുകില്ലെന്നറിഞ്ഞാലും
ചിന്തകൊണ്ടും കണക്കില്ലകിട്ടിയല്ലാതയയ്ക്കില്ല"

ഇത്തരത്തിലുള്ള പരിശ്രമശീലം ജയഹേതുകമായിട്ടല്ലാതെ അന്യഥാ പരിണമിയ്ക്കില്ലെന്നു നാം അറിഞ്ഞിരിക്കേണ്ടതാണ്. പ്രയത്നക്ലേശം ഭാവിയിൽ നമുക്കു സുഖം തരുന്നതാണെന്നു ധൈര്യപ്പെട്ടുകൊണ്ടുവേണം നാം എപ്പോഴും പ്രവർത്തിക്കേണ്ടതു്. എന്നാൽ വിനയവാന്മാരല്ലാത്തവർ ഇപ്രകാരമുള്ള സുഖസ്ഥിതിയിലെത്തുമ്പോൾ പ്രായേണ മദാന്ധരായിത്തീരാറുണ്ടു്. അങ്ങിനെയാണ് ത്രിപുരന്മാർ പററിയതും. അവരുടെ കുലശത്രുക്കളായ ദേവന്മാരെ അവർ തോല്പിക്കമാത്രമല്ലാ ചെയ്യുന്നതു്.

Digitized By Kerala Sahitya Akademi

പിന്നായോ തങ്ങൾക്കു വന്നുകൂടിയിരിക്കുന്ന മദാധിക്യത്താൽ ധൎമ്മനീതിവെടിഞ്ഞിട്ടു ഭൂലോകത്തുള്ള സാധുമൎത്ത്യസംഘത്തേയും, പാതാളവാസികളേയും നിഷ്ഠുരണം മൎദ്ദിക്കയും കൊള്ളയിടുകയുംചെയ്യുന്നു. ശക്തിയുക്തന്മാരായി ഭവിക്കുമ്പോൾ പൂൎവ്വവൈരികളെ ജയിക്കുവാനുദ്യമിക്കയെന്നതു് ലോകപ്രകൃതിയുടെ അനുസരണമായ വൃത്തിതന്നെ. അങ്ങനെയുള്ള പോരാട്ടങ്ങൾക്കു് അപ്പോൾ തക്കയുക്തിവാദങ്ങളും കാരണങ്ങളും ലോകർ, ത്രിപുരന്മാരേപ്പോലെ ഉൽഘോഷിച്ചു മററുള്ളവരുടെ മുമ്പിൽ ന്യായസ്ഥരെന്നു ഭാവിക്കാറുമുണ്ടു്. ഒന്നാമതായിതാരകാസുരനായ അസ്ത്രനേയുമിവർതന്നെ തച്ചുകൊല്ലിച്ചതും പിന്നെ; രണ്ടാമതായി, തങ്ങളുടെ പൂൎവ്വികന്മാരായ അസുരവൎഗ്ഗക്കാരുടെ സാഹ്യത്തോടുകൂടി പാലാഴികടഞ്ഞു കിട്ടിയ ദിവ്യസാധനങ്ങളിൽ,

„അത്രമാത്രമൊന്നുപോലുമിജ്ജനത്തിന്നു”

നൾകകയുണ്ടായിട്ടില്ലെന്നതും, മൂന്നാമതായി, സ്വകുലദൈവമായി സ്വീകരിക്കപ്പെട്ടിട്ടുള്ള.

„ശങ്കരന്നുമതിലൊന്നും കൊടുത്തില്ലെന്നതേയല്ല
ശങ്കവിട്ടുഭഗവാനേ കാളകൂടംകുടിപ്പിച്ചു.”

എന്നുള്ളതും, നാലാമതായി, ശിവനെതോലുമുടുപ്പിച്ചു, അസ്ഥിയുമണിയിച്ചു, കപാലവും കൊടുത്തു കാട്ടിൽ നടന്നുതെണ്ടി വെണ്ണീറടിക്കുവാൻ അനുവദിച്ചിരിക്കുന്നതു് ദേവന്മാരുടെ അലസതകൊണ്ടാണെന്നുള്ളതും എല്ലാംകൂടി ഒത്തുനോക്കിയപ്പോൾ ദേവന്മാരായ ആ

„ദുഷ്ടഭൂക്കൾക്കിന്നുതന്നെനിഷ്പ്രകാശംവരുത്തണം”

മെന്നു; ത്രിപുരന്മാൎക്കുതോന്നുന്നതു് ഒരു കണക്കിനുസ്വാഭാവികമെന്നു വെയ്ക്കുക. പക്ഷേ ഭൂലോകത്തുള്ള മനുഷ്യരും പാതാ

Digitized By Kerala Sahitya Akademi

ളുവാസികളും ത്രിപുരന്മാരോടു എന്തുപിഴച്ചു? അഥവാ മൂന്നു ലോകങ്ങൾക്കും അധീശന്മാരാകണമെന്നുള്ള മോഹമാണെങ്കിൽതന്നെയും, അവർ ധർമ്മയുദ്ധമല്ലേ ചെയ്യേണ്ടിയിരുന്നതു്? ത്രിപുരന്മാരാകട്ടെ, അവരുടെ സ്വേച്ഛാപ്രഭുത്വത്തെ കേവലം കായികശക്തികൊണ്ടു് നിഷ്ഠുരവും നിഷ്കണ്ടകവും ആയ വിധത്തിൽ എവിടെയും സ്ഥാപിക്കുവാൻ ഉദ്യമിച്ചു.

"സർവ്വസുന്ദരിമാർവിളങ്ങിനവീടുതേടിനടക്കയും
സാരസന്തരിവളകടകപരിവളതാലിമാലപറിക്കയും
കണ്ഠരാമവരാംഗനാജനകണ്ഠസൂത്രമറുക്കയും"

എന്നിങ്ങനെയുള്ള ദുഷ്കൃത്യങ്ങളാൽ

"പാരിലുള്ളപുരങ്ങളുംനഗരങ്ങളുംവിഭവങ്ങളും
സർവ്വമാശുനശിക്കുമാറുപരാക്രമങ്ങൾ"

കാട്ടിയതും, ആയുധം താഴെവെച്ചു് അഭയം ഇരക്കുന്ന ശത്രുരാജാക്കന്മാർക്കു ജീവരക്ഷ നൽകേണ്ട ധർമ്മം വിസ്മരിച്ചു

"ക്ഷോണിപാലപ്രവരന്മാരസുരാധീശവരൻതന്റെ
ബാണവുമേറ്റവയേറ്റുപട്ടതോറ്റുവില്ലുമറ്റു
നാണവുംകെട്ടൊരുപോലെതങ്ങൾവീണുവണങ്ങിയ"

പ്പോൾ, അവരുടെ "പ്രാണഹാനി"വരുത്തിയതും അതിനീചമായ ഹിംസാവൃത്തിയെന്നേ പറയാനുള്ളൂ. ഈ ദുഷ്പ്രവൃത്തികൾ ഒടുവിൽ അവശ്യപരിണാമമായ വിനാശത്തെയും അവർക്കു വരുത്തിക്കൊടുക്കുന്നു. ചുരുക്കത്തിൽ, പ്രയത്നക്ലേശത്താൽ ഭാവിസുഖാനുഭവവും, മദാന്ധതയോടുകൂടിയ സുഖാനുഭവത്താൽ, വിനാശവും സംഭവിക്കയെന്നുള്ള ലോകരീതിയുടെ സാർവ്വത്രിക ലക്ഷ്യങ്ങളാണു്. സുഖാനുഭവത്തിലുള്ള തല്പരത മദത്തെ ഉണ്ടാക്കാതെയിരിക്കയില്ലെന്നുള്ള തത്വം വിചാരിക്കുമ്പോൾ ഈ ഭ

Digitized By Kerala Sahitya Akademi

വിതവ്യങ്ങൾ തന്നെയാകുന്നു, ലോകപ്രകൃതിയിൽ കണ്ടുവരു ന്ന ഉദയാദിവൃദ്ധിക്ഷയരൂപത്തിലുള്ള സ്ഥിതിഭേദങ്ങൾക്ക നിദാനമെന്ന ആക്ഷതന്നെ ബോധപ്പെടുകയില്ലേ?

ആസ്തിക്യബുദ്ധിയിൽ സ്ഥിരവിശ്വാസം മനുഷ്യക്ക് ഏററവും അത്യാവശ്യമാണെന്നുള്ള സാരമേറിയ പാഠവും ഈ കഥയിൽനിന്നു നാം ഗ്രഹിക്കണം.

"പരമാത്മാകണ്ടതെല്ലാമസത്യം കാണാത്തതെല്ലാം"

എന്ന വാദത്തേ അടിസ്ഥാനപ്പെടുത്തി

"ജീവനാശംവന്നുപോയാലൊരുവസ്തുപിന്നെയില്ല
ദേഹങ്ങൾനശിക്കുമ്പോൾ ദേഹികൾക്കുടെനാശം"

എന്നു സമത്ഥിക്കുവാൻ ശ്രമിക്കുന്നനാസ്തികമതസ്വീകരണംവിവേകബുദ്ധിയുള്ളവക്ക് സംഗതമായ്വരികയില്ലതന്നെ. നേരമേറിച്ച സുഖതല്പരന്മാക്കും അതിലും വിശിഷ്യ താല്ക്കാലികസുഖത്തിൽ മുഴുകി ഭ്രമിച്ചിരിക്കുന്ന ഒരുതരം അന്തസ്സാരവിഹീനന്മാക്കും മാത്രമേ ഈ വാദം ആസ്തിക്യവൈകല്യത്തെ ജനിപ്പിക്കയൊള്ളു. ജാഡ്യസുഖവദ്ധനയ്ക്കു കൂടുതൽ സൌകൎയ്യം ഉണ്ടാക്കിക്കൊടുക്കുന്ന മതവിശ്വാസങ്ങളെ തേടുന്നവക്ക് ത്രിപുരദഹനത്തിലെ ബൌദ്ധഗുരുവിന്റെ ചാവാകഭാഷ്യം സ്വീകാൎയ്യമായിരിക്കുമെന്നു സമ്മതിച്ചേ തീരൂ. ത്രിപുരന്മാർ ഈ പുതിയ മതപരിവത്തകഗുരുവിന്റെ ജാടവാക്യങ്ങൾ കേട്ടു ബുദ്ധി പകച്ചു നാസ്തികന്മാരായി ഭവിക്കുന്നതു്, അവരുടെ അമിതമായ സുഖതല്പരതയും മദാധിക്യത്താലുണ്ടായ തമോവൃത്തിയും കൊണ്ടു തന്നെയാണു്.

വിശേഷിച്ചും ത്രിപുരന്മാരുടെ ഈ മതപരിവത്തനത്തിൽ വേറൊരുതരം ധമ്മവിഭ്രംശംകൂടി അന്തർഭവിച്ചിട്ടുള്ള

Digitized By Kerala Sahitya Akademi

തായിക്കാണാം. എന്തെന്നാൽ ഏതൊരു ഹേതുനിമിത്തം ങ്ങൾക്കു സകല ഐശ്വര്യങ്ങളും ലഭിച്ചുവോ ആയതിനെ ഒടുവിൽ നിന്ദിക്കയെന്നുള്ളതു് പാപിഷ്ഠമായ കൃതഘ്നത തന്നെയാകുന്നു. ഒരുവൻെറ സൽഗതിക്കു നിദാനമായ, ദേവനോ, മനുഷ്യനോ, മൃഗമോ, മരമോ എന്തുമായിക്കൊള്ളട്ടെ, ആ നിദാനത്തെ അവസ്ഥാനുസരണം ആരാധിക്കയോ ആദരിക്കയോ, സ്നേഹിക്കയോ സ്മരിക്കയോപോലും ചെയ്യാത്തതു പാപലക്ഷ്യവും നാശഹേതുകവും തന്നെ. ത്രിപുരന്മാരുടെ മദമൂർഛന്യഘട്ടങ്ങളിൽ അവരോടെതിൎക്കുവാൻ ഇതരശക്തികൾക്കു ധൈൎയ്യം കൊടുക്കാതെ ഇരുന്നതു തന്നെയും, ഇവൎക്കു ശിവൻെറ ആനുകൂല്യമുണ്ടെന്നുള്ള പരബോധമൊന്നുകൊണ്ടു മാത്രമാണു്. അങ്ങിനെ തങ്ങളുടെ ആഭ്യുദയത്തിനും പില്ക്കാലത്തെ സംരക്ഷയ്ക്കും കാരണക്കാരനായ ശിവമൂൎത്തിയെ ഇവർ ബൌദ്ധതാപസൻെറ വാചാലത്വം വിശ്വസിച്ചു പല തരത്തിൽ അനാദരിക്കയും, അപവദിക്കയും ചെയ്തപ്പോൾ, ആ ശിവനും ത്രിപുരന്മാരുടെ ശത്രുസംഘത്തിൻെറ നേതൃത്വം സ്വയമേവ വഹിച്ചു "ഉച്ചിയുറച്ചു കൈകൊണ്ടു ഉദയക്രിയചെയ്യാ"തെയിരിപ്പാൻ ഗത്യന്തരമില്ലാത്ത ഒരു സ്ഥിതിഭേദത്തെ ഈ ത്രിപുരന്മാർ സ്വയംകൃതാനൎത്ഥത്താൽ വരുത്തിവെയ്ക്കുന്നു.

ഇനിയും പൌരാണികസങ്കല്പാനുസരണം മററു ചില തത്വങ്ങളേയും പ്രസ്തുത കഥ ഉദാഹരിക്കുന്നുണ്ടു്. തപസ്സെന്നല്ലാ എല്ലാ പ്രവൎത്തികളും സകാമമെന്നും നിഷ്കാമമെന്നും ഇങ്ങിനെ രണ്ടു തരത്തിലായി വിഭജിക്കപ്പെടാവുന്നതാണു്. പ്രത്യേകമായുള്ള ഉദ്ദേശങ്ങൾ സാധിക്കുവാൻ ചെയ്യുന്ന പ്രവൎത്തികളെല്ലാം സകാമവൃത്തിയിൽ ഉൾപ്പെടുന്നു. ഫലേഛകൂടാതെയുള്ള കൃത്യാനുഷ്ഠാനങ്ങൾക്കു നിഷ്കാമവൃത്തിയെന്നു പറയാം.

Digitized By Kerala Sahitya Akademi

"അമരവരപുരമമരുവതിന്നൊരുവിരുതു"

ഭവിക്കണമെന്നുള്ള പ്രത്യേകോദ്ദേശത്തോടുകൂടി ത്രിപുരന്മാർ ചെയ്യുന്ന തപസ്സ് അതിനാൽ സകാമമായുള്ള ഒരു അനുഷ്ഠാനമാണ്. ഇവിടെ ഉദ്ദേശ്യത്തിനു സർവ്വപ്രാധാന്യവും ഈശ്വരഭക്തിക്കു കേവലം ഒരുപകരണസ്ഥാനവും മാത്രമേ ഉള്ളു. എന്നതിനാൽ ഇപ്രകാരമുള്ള തപോനുഷ്ഠാനങ്ങളൊന്നും യഥാർത്ഥമായ ഈശ്വരഭക്തിയാൽ പ്രേരിതങ്ങളായിരിക്കയില്ല. ത്രിപുരന്മാർക്കു അവരുടെ ഉദ്ദേശം സാധിച്ചുകിട്ടിയപ്പോഴേക്കും നിഷ്കളങ്കവും യഥാർത്ഥവുമായ ഭക്തി ശിവന്റെ പേരിലില്ലെന്ന് ഏവരേയും ബോധ്യപ്പെടുത്തുന്ന കൃത്യമാണ്, ഈ കഥയിലെ ബൌദ്ധതാപസൻ നിർവ്വഹിക്കുന്നതു്. സ്ഥിരമായ ഈശ്വരവിശ്വാസമുള്ളവരാരും ചെവിക്കൊള്ളാത്ത ചാർവ്വാകപാഷണ്ഡമതത്തെ നിരന്തരമായ ഐഹികസുഖാനുഭവത്തിനു ഒരു നല്ല വഴിയായി ബൌദ്ധതാപസൻ പ്രസംഗിച്ചതു കേട്ട ത്രിപുരന്മാർ ഉടനെ ആ മതം സ്വീകരിക്കുകയുണ്ടായ സംഗതി അവരുടെ ഭക്തിശൂന്യതയ്ക്കും സുഖലോലുപത്വത്തിനും നല്ല ലക്ഷ്യങ്ങളായിത്തീർന്നു.

ദേവന്മാരും അസുരന്മാരും പുണ്യപാപസ്ഥിതികളനുസരിച്ചു പ്രാബല്യം പ്രാപിക്കുവാൻ തുല്യാവകാശമുള്ള രണ്ടു വർഗ്ഗക്കാരത്രേ. ഒരു കാലത്തു ദേവന്മാരെന്ന സ്ഥാനപ്പേരോടുകൂടി സ്വർഗ്ഗലോകത്തു അധിവസിച്ചു സുഖമനുഭവിക്കുന്നവർ, അവരുടെ സുകൃതക്ഷയത്തോടുകൂടി പിൽക്കാലത്തു് അസുരന്മാരായിത്തീരുകയും അതേവരെ അസുരന്മാരായിരുന്നവർ തൽസ്ഥാനത്തു പുണ്യപ്രാഭവംകൊണ്ടു ദേവത്വം പ്രാപിക്കയും ചെയ്യാറുണ്ടെന്നാണു പുരാണം ഘോഷിക്കുന്നതു്. അതുകൊണ്ടു തന്നെയാകുന്നു അസുരന്മാർക്കു "പൂർവ്വദേവന്മാ"ർ എന്ന

Digitized By Kerala Sahitya Akademi

അഭിധാനവും സിദ്ധിച്ചിട്ടുള്ളതു്. ചിരകാലം നിർബ്ബാധമായി അനുഭവിക്കുന്ന സുഖസ്ഥിതി ഇപ്പറഞ്ഞ രണ്ടു കൂട്ടരേയും ഒരു പോലെ കാലാന്തരത്തിൽ ഗർവിഷ്ഠരാക്കാറുണ്ടു്. ഈ അവസരങ്ങളിൽ അവരവരുടെ ഗർവ്വു ശമിപ്പിക്കത്തക്ക ഓരോ സംഭവങ്ങൾ ഈശ്വരവിലാസത്താൽ വന്നുകൂടുന്നതായും തന്നിമിത്തം ആ ഗർവ്വു ശമിച്ചാൽ പിന്നെയെല്ലാം ദൈവാനുഗ്രഹത്താൽ പൂർവ്വവൽപ്രശാന്തമായ് ഭവിക്കുന്നതായും പുരാണകഥകൾ കൂടക്കൂടെ കാട്ടിത്തരാറുണ്ടു്. ഇതുപോലെ ദേവന്മാർ സുഖപ്രമത്തതയാൽ ഗർവിതന്മാരായിബ്ഭവിച്ച ഒരവസരത്തിലാണു ത്രിപുരന്മാർ ആവിർഭവിക്കയുണ്ടായതെന്നു,

"ഗർവാദിനശിച്ചോരുഗീർവാണപ്രധാനന്മാർ
നിർവാദമുരചെയ്തു സർവരുംവണങ്ങുമ്പോൾ"

പാർവ്വതീപതി ത്രിപുരദഹനത്തിനൊരുമ്പെടുന്നതായി ഒടുവിൽ പറഞ്ഞിരിക്കുന്നിടംകൊണ്ടു് ഉഹിക്കേണ്ടതാണു്. ദേവലോകത്തു ചെന്നു താരകാക്ഷൻ യുദ്ധം ആരംഭിച്ചപ്പോഴേയ്ക്കും

"പാരാതെസുരന്മാരുമോരോരോദിക്കിലേക്കോടി
തേരീന്നങ്ങുടൻചാടി ദൂരത്തിന്ദ്രനുംപോയി"

എന്നു വർണ്ണിച്ചിരിക്കുന്നതിൽനിന്നു ഭീരുവായ ദേവേന്ദ്രന്റെപരാജയം എത്രമാത്രം ജുഗുപ്സാവഹമെന്നും,

"പാരംഭീതനാംജംഭവൈരിക്കും സുരന്മാർക്കും
ഭീരുക്കളെന്നതന്നോപേരുംവീണിതക്കാലം"

എന്ന ദയനീയാവസ്ഥയെ പ്രാപിച്ചിരിക്കുന്ന ദേവന്മാരുടെ ഗർവ്വ് എത്രമാത്രം ശമിച്ചിരിക്കണമെന്നും ഗ്രഹിക്കത്തക്കതാണല്ലോ.

Digitized By Kerala Sahitya Akademi

ശിവന്റെ പ്രാധാന്യത്തെ പ്രത്യക്ഷപ്പെടുത്തുകയെന്നുള്ളതാണ് ഈ കഥയുടെ പൌരാണികമായ മുഖ്യോദ്ദേശം. ത്രിപുരന്മാരുടെ ആക്രമങ്ങളെക്കുറിച്ചും ദേവന്മാർ ചെന്നു പരാതി പറയുന്നതു കേട്ട പത്മനാഭസ്വാമിപോലും

"ഞാനൊരുത്തൻ നിരൂപിച്ചാലിതിന്നുപോം വഴിയില്ല
ദാനവന്മാരുടെ ബന്ധം പാർവ്വതീവല്ലഭനല്ലോ
ശോകമെല്ലാം ശമിപ്പിക്കും ലോകനാഥൻ ചന്ദ്രചൂഡൻ
ആകുലപ്പെട്ടവർക്കെല്ലാമേകബന്ധു ദയാസിന്ധു"

എന്ന് അഭിപ്രായപ്പെടണമെങ്കിൽ ത്രിമൂർത്തികളുടെ ഇടയിൽ ശിവനുള്ള സ്വാതന്ത്ര്യം ഉഗ്രമെന്നു സ്പഷ്ടമാകുന്നുണ്ടല്ലോ.

നമ്പിയാരുടെ സഹജമായുള്ള കവിതാമാധുര്യം ഇതിനെ അത്യന്തം ആസ്വാദ്യമാക്കുന്നുണ്ട്. ഇക്കവി തന്റെ ചുററുമുള്ള സംഗതികളെ കഥാസന്ദർഭങ്ങളോടിടകലത്തി

കവിതാ സ്വാരസ്യം.

പ്രയോഗിച്ചു ഫലിപ്പിക്കയും അതേവഴിക്കുതന്നെ വർണ്ണ്യസംഗതിയെപ്പററിയുള്ള പൂർണ്ണബോധം കേൾവിക്കാരിൽ ജനിപ്പിക്കയും ചെയ്ക പതിവാണ്. അതിലേയ്ക്കു ഇതിൽ കാണുന്ന ചില ലക്ഷ്യങ്ങൾ ഇവിടെ പറയാം.

അന്നത്തെ നാടുവാഴികളുടെ സന്നിധിയിൽ മൂക്കിൽ വിരലും തള്ളി, പഞ്ചപുച്ഛവുമടക്കിക്കൊണ്ടു "പള്ളിത്രാമ്പിമേലേറി" നിന്നു കാര്യം ഉണർത്തിക്കുവാൻ ചെന്നു നില്ക്കുന്ന യജമാനന്മാരേയും,

"നാട്ടിലേക്കുമനർത്ഥങ്ങളൊട്ടുമില്ലാത്ത കാലത്തിൽ
വാളെടുക്കുന്നവനൊക്കെ വെളിച്ചപ്പാടെന്നപോലെ"
ഏഷണിയുംകൊണ്ടു നടന്നു പ്രഭുതാപം ചുമഞ്ഞു്

Digitized By Kerala Sahitya Akademi

"തല്ലനാനൃപതിക്കു തിന്നുന്നാസചിവന്മാർ,"എന്ന മട്ടിൽ ഭള്ളും കാട്ടി പെട്ടകാകുട്ടകാകുട്ടിപ്പട്ടരും വാലിയക്കാരും മററുമായി ഞെളിഞ്ഞു നടന്ന യജമാനന്മാരും അവരുടെ കാര്യക്കാരന്മാരും ഇപ്പോൾ വല്ലാതെ "താളംപിഴ"ച്ചെന്നു വന്നപ്പോൾ,

"കാര്യക്കാരന്മാരണ്ടു കാശുകിട്ടാനെളുതല്ല
കാര്യസ്ഥന്മാർക്കിനി കാര്യക്ലേശവുംവേണ്ടാ."

എന്ന സ്ഥിതിയിൽ കോയിക്കൽ എഴുത്തും പാട്ടയോലപ്പണപ്പിരുവും നിന്നു തെണ്ടിത്തിരിഞ്ഞു ചുററിയുഴലുന്നവരേയും, നമ്പിയാർ ഈ കൃതിയിൽ അവിടവിടെയായി ചൂണ്ടിക്കാണിച്ചു തരുന്നു. "ഒററവാളും പരിചയും പത്തിവാളും കോൽപ്പവാളും" മുതലായ ആയുധങ്ങളോടുകൂടി അന്നത്തെ യോദ്ധാക്കളുടെ "കച്ചകെട്ടി മുറുക്കി നല്ലൊരു വാലുമിട്ടൊരു സുന്ദര"മായ വേഷവിശേഷവും "നൂറും മഞ്ഞളുംകൂട്ടിയണിഞ്ഞുകൊണ്ടും" "അരികൊണ്ടും കരികൊണ്ടും വരച്ചും" ഉള്ള ഓരോ നാട്യവേഷപ്രകൃതിയും

"കച്ചമുണ്ടു ഞൊറിഞ്ഞുടുത്തു
പച്ചമുക്കിനകച്ചമുണ്ടതി-
മെച്ചമാക്കിനകോപ്പെടുത്തും"

ഉള്ള ആഡംബരവേഷക്രമവും നമുക്ക് ഇതിൽ തെളിച്ചു കാട്ടിത്തരുന്നു.

"വെള്ളവെററിലജാതിപത്രികപാക്കുതുക്കുവപ്പുകേലയും"
മുതലായ താംബൂലോപകരണങ്ങളേയും

"കുങ്കുമംപനിനീരുചന്ദനം" മുതലായശീതോപചാരദ്രവ്യങ്ങളേയുംകൂടി നമ്പ്യാർ പരിഗണിക്കുന്നുണ്ട്. വയോവൃദ്ധന്മാരായ നായന്മാരുടേയും പരദേശബ്രാഹ്മണരുടേയും മൂത്ത മാപ്പിളമാരുടേയും പ്രാകൃതസ്ഥിതികളേപ്പോലും ഇദ്ദേഹം പരാമർശി

Digitized By Kerala Sahitya Akademi

ക്കാതെ വിട്ടന്നില്ല. ത്രിപുരന്മാരുടെ അസുരഭടന്മാർ ഭൂമിയിൽ വന്നിറങ്ങിയ ഉടൻ കള്ളം കറുപ്പുമെല്ലാമാണ് അന്വേഷിക്കുന്നതു്. ഉടനേ നായന്മാർ

"പായുംകട്ടിലുംവീടുംപോയെന്നാകിലുംതന്റെ
കായംകിട്ടു"മെന്നുമാത്രം

നിനച്ചുംകൊണ്ടു ഓടുന്നവരായും മററുചിലർ

"അടുക്കളെയ്ക്കകംപുക്കകിടപ്പെല്ലാമടുപ്പിൽത്തന്നെ"

യായി കഴിച്ചുകൂട്ടുന്നതായും ആരംഭത്തിൽ വർണ്ണിച്ചുകാണുന്നെങ്കിലും മറെറാരുഭാഗത്തു ശങ്കരച്ചാരെന്നൊരുവൻ "ൻ എഴുനേററു തൊങ്കൽവാളുംപരിചയുംതങ്കരത്തിലെടുത്തുംകൊണ്ടങ്കണത്തിൽചാടിനിന്നുചുററിനിന്നങ്ങൊരുപോലെ പററത്താണുകളിച്ചപ്പോളറമില്ലാതസുരന്മാർതോററുമണ്ടിക്കാട്ടുപൂകാൻ" ഇടയായി എന്നു വിവരിച്ചിരിക്കുന്ന സംഭവത്താൽ നായന്മാരുടെ പൂർവികായോധനയശസ്സിനെ നമ്പിയാർ പരിപാലിക്കയും ചെയ്യുന്നുണ്ടു്.

കേരളീയക്ക് പരിചയമുള്ള ചില സംഗതികളേ വർണ്ണിച്ചു വർണ്ണ്യകഥാഗതികളെ സാക്ഷാൽകരിക്കുന്നതിൽ നമ്പ്യാക്ക് വളരെ സാമത്ഥ്യമുണ്ടു്. ത്രിപുരന്മാരുടെ നിഷ്കണ്ടകപ്രവൃത്തികൾ നിമിത്തം ഭൂമിയിലുണ്ടായ അത്യാഹിതങ്ങളെ കേരളീയക്ക് മനസ്സിലാക്കിക്കൊടുപ്പാൻ നമ്പ്യാർ അംഗീകരിക്കുന്ന രീതി നോക്കുക.

ഓണമില്ല, വിഷുവില്ല, വേലയില്ല വിളവില്ല
വാണരുകൂടാവസ്ഥാവാനുംവാണിഭവുംനാസ്തിയായി
അന്തണക്ക്ജപമില്ല യാഗമില്ല ഹോമമില്ല

എന്നിങ്ങനെ പല വിശേഷങ്ങളില്ലാതായും അവർ ചെയ്ത അഴിമതികളെ മറെറാരുദിക്കിൽ,

Digitized By Kerala Sahitya Akademi

അമ്പലത്തിനകത്തുചെന്നുബലിത്തിടമ്പുപറിക്കയും
കൊമ്പനാനകളെപ്പിടിച്ചുഥകൊമ്പുരണ്ടുമൊടിക്കയും

മററും ചെയ്തിട്ട്

കളത്തട്ടിൽക്കരെയേറിഞെളിഞ്ഞങ്ങുവന്നിക്കുന്ന

തായും മററും ഓരോ പരിചിതസംഗതികളെ വ്യക്തിരൂപേണ പ്രദർശിപ്പിച്ചിട്ടാണു നമ്പിയാർ തൻെറ വർണ്ണ്യസ്ഥിതിയെ വിശദീകരിക്കുന്നതു്. അതുപോലെതന്നെ അസുരശില്പിയായ മയന്നു് "ത്രിപുരന്മാർക്കു ഭവനങ്ങൾതീർപ്പാൻ

അരംവേണ്ടാവാളുവേണ്ടാ വാച്ചിവേണ്ടാ വാളുവേണ്ടാ എന്ന ല്ലാമത്രേപറയുന്നതു്. കലികാലപ്പകരുടെ പ്രധാനലക്ഷ്യങ്ങളായി പറയന്നോക്കൊണ്ടു കവി പ്രാരംഭത്തിൽ പറയിക്കുന്നതു ദേവസ്വത്തിൻെറയും ബ്രഹ്മസ്വത്തിൻേറയും മുടിവുകളെയാണു്. ത്രിപുരന്മാർ മദ്യവും സേവിച്ചുകൊണ്ടു

നല്ലപാട്ടുകളങ്ങുപാടിയൊടുക്കമെങ്ങു പിഴയ്ക്കുന്നതും

ദേവേന്ദ്രനെ

"പൊക്കണെസളണിഞ്ഞുകൊണ്ടു തെണ്ട"ക്കിറങ്ങണമെന്നും ചന്ദ്രബിംബത്തേ ചാണയും, സൂര്യനെ ചൂണ്ടലും നക്ഷത്രങ്ങളെ മുകതാഹാരവും ആക്കിച്ചമയ്ക്കണമെന്നും ത്രിപുരന്മാർ മുൻകൂട്ടി ആലോചിച്ചുറയ്ക്കുന്നതും

ആഹാരംകഴിച്ചുകൊണ്ടാഹായെന്നിരിക്കണം

എന്ന ചാർവാകമതസാരത്തെ സമഷ്ടിയായി സൂചിപ്പിക്കുന്നതും ഒരു പരദേശബ്രാഹ്മണനെക്കൊണ്ടു തൻെറ കുട്ടികളെയെല്ലാം പെട്ടിയിലിട്ടു രക്ഷപ്പെടുത്താൻ ശ്രമിക്കുന്നതും, അതിലും വിശേഷിച്ചു ചുമടിനേപ്പററി ചോദ്യം ചെയ്യുന്ന മലയാളിയോടു ഈ ബ്രാഹ്മണനെക്കൊണ്ടു തമിഴിൽ തന്നെ

Digitized By Kerala Sahitya Akademi

"കെട്ടിലെന്നാകച്ചകിച്ചെളനക്കൊന്നോ? മലയാളി!
കിട്ടുവാരുംനാടശേഷംകെട്ടുപോച്ചേഎന്നാചെയ്യായ്?
പടയിൽപട്ടരുക്കെന്നാചോദ്യമെന്നാങ്ങറിയാമൽ
ഇടയിൽവന്നാകപ്പെട്ടേൻസ്ഗ്രഹചാരങ്കളിനാലേ"

എന്നു പറയിക്കുന്നേത്തും ഏവരേയും രസിപ്പിക്കുന്ന ഒന്നാന്തരം ഫലിതപ്രയോഗങ്ങൾ തന്നെ.

കേരളീയരുടെ സംഭാഷണത്തിൽ സാധാരണ ഉപയോഗിച്ചുവരാറുള്ള പഴഞ്ചൊല്ലുകളേയും ശൈലിപ്രയോഗങ്ങളേയും താൻ ധാരാളമായി കവിതയിൽ കൂട്ടിയിണക്കാറുള്ളതുകൊണ്ടു തന്നെയാണു ആയതു പാണ്ഡിതപാമരഭേദമെന്യേ ഏവർക്കും സുഖസ്വാദകമായ്ത്തീർന്നിരിക്കുന്നതു്.

(൧) വാലേത്തുതലയേതെന്നറിയാത്ത പൂരുഷന്മാർ
(൨) അന്നുവെട്ടുംവാളിന്നുനെയ്യിട്ടിരുന്നു ലോകമെല്ലാം
(൩) ഉണ്ടച്ചോറുംമറന്നല്ലോ കണ്ടിലായ്ച്ചമഞ്ഞല്ലോ
(൪) പടിക്കൽപാറപോകുന്നാകിൽപാതിരേവക്കേണ്ടപോലെ
(൫) ചുമരുണ്ടെങ്കിലേനല്ല ചിത്രമുള്ളൂധരിച്ചാലും
(൬) പയ്യുകുത്തുമ്പോഴാപ്പഞ്ചാക്ഷരംകൊണ്ടുകണക്കുണ്ടോ
(൭) ചോറുണ്ടെങ്കിലേനല്ലകറികൊണ്ടുകണക്കുള്ളൂ
(൮) വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടെന്നപോലെ
(൯) കുംഭകോണേകൃതംപാപം കുംഭകോണേവിനിശ്യതി
(൧൦) കുതിരയ്ക്കുരണ്ടുകൊമ്പുണ്ടെന്നൊരുത്തൻപറഞ്ഞെന്നാൽ
(൧൧) കയ്യിലേപ്പുണ്ണിന്നുപിന്നെക്കണ്ണാടിയുംകൂടെവേണോ
(൧൨) ഉറക്കത്തിൽപണിക്കത്തമൊരുത്തർക്കുവരത്തില്ല.

Digitized By Kerala Sahitya Akademi

എന്നെല്ലാമുള്ള പ്രയോഗങ്ങൾ എത്ര സരസമായിരിക്കുന്നു.

പൂച്ചയെക്കണ്ടെലിപോലെ വിറയ്ക്കുന്നതും, കരിമ്പിൻതണ്ടെന്നപോലെ പിടിച്ചാടിക്കുന്നതും, ക്ഷീരസാഗരവാരിപോലെ താടി വെളുത്തു നീണ്ടു കിടക്കുന്നതും, കോണിലെങ്ങാനൊരിടത്തു തൂണുപോലെയിരിക്കുന്നതും, ഓത്തുപോലെ ജപിക്കുന്നതും നമ്പിയാരുടെ ഉപമാസൌരഭ്യത്തിനുള്ള സാധാരണ ദൃഷ്ടാന്തങ്ങളത്രേ. ചിലപ്പോൾ പഴഞ്ചൊല്ലുകളേക്കൊണ്ടു് നല്ല സാഹിത്യചമൽക്കൃതികളെ അദ്ദേഹം ഭംഗിയിൽ മുടഞ്ഞുതീർക്കാറുണ്ടു്. ത്രിപുരന്മാരുടെ ശിവദ്വേഷത്തെപ്പററി നാരദൻ ശിവനെ അറിയിക്കുന്നതിങ്ങനെയാണു്.

ചന്ദനമെന്നോർത്തവൃക്ഷംകാഞ്ഞിരമായ്‌വന്നിതിപ്പോൾ
മാലയെന്നുനിനച്ചവർവിശ്വസിച്ചവസ്തുവെല്ലാം
കാലസർപ്പങ്ങളുമായികാലദോഷത്തിന്റെമൂലം

ജീവൻ പോയാൽ പിന്നെ പുണ്യപാപങ്ങൾക്കു പാത്രമായിമനുഷ്യനെസംബന്ധിച്ചു യാതൊന്നുംശേഷിക്കയില്ലെന്നുസമർത്ഥിക്കുവാൻ ബൌദ്ധതാപസന്റെ ദൃഷ്ടാന്തം നോക്കുക.

കാററുതട്ടിവിളക്കങ്ങുകെട്ടുപോയാലതിൽപിന്നെ
ആററലോടെവെളിച്ചെണ്ണപകർന്നാൽകത്തുമാറുണ്ടോ

അതുപോലെതന്നെ ത്രിപുരന്മാരുടെ ശക്തിയോടു കിടനില്ക്കാൻ തങ്ങൾക്കാകയില്ലെന്നു ദേവന്മാർ പത്മനാഭനോടറിയിക്കുന്നതു പല ദൃഷ്ടാന്തങ്ങളേക്കൊണ്ടാണു്.

ഈററപ്പാമ്പിൻവിഷമെല്ലാം പാററകൾക്കുസഹിക്കാമോ
നീററിലുള്ളമുതലകൾ ചീറിവന്നങ്ങടുക്കുമ്പോൾ
മാററിയാകുംതവളയ്ക്കങ്ങേററുപോവാനെളുതാമോ

Digitized By Kerala Sahitya Akademi

ദേവലോകത്തെ വിഭവങ്ങളെല്ലാം ഇങ്ങിനെ അവിടെ ത്തന്നെ അസ്തമിച്ചു എന്ന സംഗതിയെ വ്യഞ്ജിപ്പിക്കുവാൻ

കംഭകോണേകൃതാ...കുംഭകോണേവിനശ്യതി

എന്നുദ്ധരിച്ചിരിക്കുന്നതു് എത്ര പര്യാപ്തമായി പ്രയോഗിച്ചിരിക്കുന്നു. ഇങ്ങനെ മററു പലേടത്തും ഉത്തമദൃഷ്ടാന്തങ്ങൾ കാണമാറുണ്ടു്.

ലോകോക്തിരൂപത്തിൽ നമ്പിയാർ ചില തത്വസാരങ്ങളെ ആവിഷ്കരിക്കാറുണ്ടു്.

(൧) വണങ്ങുന്നജനങ്ങളിലിണങ്ങുംദേവന്മാരും
(൨) പിണങ്ങുന്നജനങ്ങൾക്കു തുണചെയ്യാനാരുമില്ല.
(൩) ഗുണമില്ലാത്തവരേക്കൊണ്ടിണങ്ങീട്ടുംഫലമില്ല.
(൪) തനിക്കിത്രബലമുണ്ടെന്നൊരിക്കലുംനിനയ്ക്കാതെ
മനക്കെട്ടങ്ങിരിക്കുമ്പോൾ കനക്കേടുംഭവിച്ചേക്കാം
(൫) അകപ്പെട്ടാലിളയ്ക്കാലാ വല്ലതെന്നാകിലുംചെയ്യാൻ
(൬) ഊററവുംവന്നകപ്പെട്ടാൽ ക്രൂരകാൾക്കുമെളുതല്ല.

തനിച്ചു (പ്രഭുത്വം നടിക്കുന്നു) നാണിയം, തണ്ടുതപ്പിച്ചെണ്ടകൊട്ടിക്ക, ചെമ്പിലേച്ചോറു തിന്നുക (രാജസേവയിലേപ്പെടുക) അമളിതാരം, മീശക്കൊമ്പൻ, താളംപിഴയ്ക്ക, പാട്ടുപാക്ക (കാത്തുകിടക്കുക) കണ്ടാലറിയുക (ആദ്യത്തെ അനുഭവംകൊണ്ടു പഠിക്കുക) പോംവഴി ശിങ്കംകളിക്കുക (വെറുതേവിനോദിച്ചു കാലംകളയുക ; ധാവതിചെയ്ക (ഓടുക) എന്നിങ്ങിനെയുള്ള ശൈലികളും നമ്പിയാർ ഇതിൽ ധാരാളം പ്രയോഗിച്ചു ഭംഗി പിടിപ്പിച്ചിട്ടുണ്ടു്.

പ്രാസഭംഗി പറയൻതുള്ളലിൻെറ ഒരു പ്രത്യേക ജീവനാകയാൽ നമ്പിയാക്കു് ഈ വിഷയത്തിൽ സ്വഭാവജമായുള്ള

Digitized By Kerala Sahitya Akademi

പ്രയോഗചാതുര്യം ഈ കൃതിയെ സാമാന്യത്തിലധികം കർണ്ണാനന്ദകരമാക്കിച്ചെയ്തിരിക്കുന്നു. ചില ദൃഷ്ടാന്തങ്ങളെ ഇവിടെ ഉദ്ധരിക്കാം.

(൧) ഘോടകാലയജാലവും പലചേടകാലയവീടുകൾ
കുങ്കുമാലയമങ്കണങ്ങളുമങ്കവെങ്കളിമാടവും
തങ്കശാലകളങ്കശാലകളങ്കുശാങ്കിതമണ്ഡപം
കിങ്കരാലയചുങ്കശാലകൾ മങ്കമാരുടെവീടുകൾ

(൨) തോററുപോയാൽ കേററുവാനും
പററുവാനുംതെററുവാനും
മാററമില്ലാ വിധംചെററുചുററുമെന്നേപറയാവൂ.

(൩) വഞ്ചിയുംസഞ്ചിയും വെള്ളികാഞ്ചിയുംകാഞ്ചനക്കോപ്പും
പഞ്ചവുംതഞ്ചവുംകിഞ്ചിൽപുഞ്ചിരിക്കൊഞ്ചലുംകഞ്ചൽ
അഞ്ചുമാറുള്ള ഭാവങ്ങളഞ്ചുമാറുള്ള പൊന്മാല
അഞ്ചുമാറുംകളത്രങ്ങൾ നെഞ്ചിലേറുംവിനോദങ്ങൾ

അർത്ഥക്ലേശം വരുത്തി സാഹിത്യത്തെനഷ്ടസാരമാക്കാതെ ആയതിനെ വഴിയാംവണ്ണം പോഷിപ്പിച്ച് അലങ്കരിക്കത്തക്ക പ്രാസപ്രയോഗവിലാസമാണ് കുഞ്ചൻനമ്പ്യാരുടെ കവനങ്ങളിൽ തെളിഞ്ഞു കാണുന്നത്.

# ത്രിപുരദഹനം

KUMAR... LIBRARY
NO.
AYYANTHOLE, TRICHUR

## പറയൻതുള്ളൽ.

ഒന്നാം കളം.

പ്രണതവത്സലൻദേവൻപ്രണവപാവനാകാരൻ
പ്രണയകൗശലൻലോകപ്രണയദായകൻവീരൻ
ത്രിണയനാത്മജൻധീരൻത്രിണീഭൃതരിസംഘാതൻ
ഗണനാഹീനമാരോരോഗുണങ്ങൾക്കാശ്രയഭൂതൻ
ഗണപതിഭഗവാൻമേത്തുണയായിഭവിക്കേണം
ക്ഷണനേരംമടിയ്ക്കാതെവണങ്ങുന്നേൻപടിവോടെ;
തണുത്തകണ്ണിണകൊണ്ടുതണുപ്പിച്ചീടണമെന്നെ
വണങ്ങുന്നാജനങ്ങളിലിണങ്ങുംദേവതമാരും,
മണമുള്ളമലർതന്നിലണയുംവണ്ടുകൾപോലെ
പിണങ്ങുന്നാജനങ്ങൾക്കുതുണചെയ്യാനാരുമില്ല
തണലില്ലാത്തവൃക്ഷത്തെഗ്ഗണിക്കുമോപഥികന്മാർ?
ഗുണമില്ലാത്തവരേക്കൊണ്ടിനങ്ങൾക്കുംഫലമില്ലാ
രണഭീരുക്കളേവേണ്ടാതറിച്ചമന്നവന്മാർക്കും
പ്രാണികൾക്കുമനക്കാമ്പിൽപ്രീണങ്ങൾവരുത്തുന്നാ
വാണിഭംഗീവിലാസങ്ങൾവേണമെങ്കിൽബുധന്മാരേ!
ഊണുറക്കംനിനയ്ക്കാതെകാണിനേരമിളയ്ക്കാതെ
ഏണശാബമിഴിയാളാംവാണിതന്റെചരണാന്തേ

Digitized By Kerala Sahitya Akademi

പാണിരണ്ടുംകൂപ്പിമെല്ലെത്താണുവീണുവണങ്ങേണം;
വാണിതൻറകൃപയാലിക്ഷോണിചക്രംജയിച്ചീടാം
ക്ഷീണഭാവമൊരുനേരംകാണുകില്ലെന്നറിഞ്ഞാലും
വാണിമാതാവിനെത്താണുവണങ്ങുവാൻമടിക്കുന്ന
പ്രാണികൾക്കുസമക്ഷത്തുനാണക്കേടുഭവിച്ചീടും;
കോണിലൊന്നൊരേടത്തുതൂണുപോലെയിരിക്കാതെ
വാണികൊണ്ടുഫലിപ്പിച്ചീടേണമെല്ലാജ്ജനങ്ങളും
നാണിയത്തിനാത്തനൊവേണമെന്നോമതിയാവൂ:
ഭോഷനായൊന്നമ്മപ്പോൾഭോഷത്തനൊഴുമസ്സുന്ന
ശേഷമു ജനത്തിന്നുഭാഷണത്തിന്നൊരുമാറ്റം
ദൂഷണിക്കാരിതുകൊണ്ടുദൂഷണങ്ങൾപറഞ്ഞാലും
ശേഷയായ് ;കൃപയാലഭ്രഷ്ടനമസ്സുതമത്രേ;

അമ്പലപ്പുഴമേവുമംബുജലോചനൻകരുണാകരൻ
ഇമ്പമോടടിയൻറമാനസകമ്പമമ്പൊടകററണം;
വമ്പനായകിരീടിതന്നുടെതേരിലേറിനടന്നവൻ
വൻപടയ്ക്കിടകൂറിയേറെറാരുന്തുറവുപോരെമുടിച്ചവൻ
കമ്പിടുന്നനമുക്കുവാക്കിന്നു ജൃംഭണങ്ങൾവരുത്തണം
ചെമ്പകശ്ശേരിനാടുവാണരുളീടുമെന്നുടെതമ്പുരാൻ
ചെമ്പകാവലികോമളാകൃതിയായദേവനാരായണൻ
സാമ്പ്രതംതുണയായ്വരേണമെനിക്കുനൽകലഭൂഷണൻ
സകലഗുണഗണനിലയനാകിയഭൂതനാഥനനാമയൻ
തകഴിയിൽകുടികൊള്ളുമീശ്വരനടിയനാശ്രയമെപ്പൊഴും;
വികടരിപുഭടപടയിലുടനുടനേറവെട്ടിയമർത്തുവാൻ
പ്രകടപട്ടുബലമുടയഹരിഹരതനയനിന്നുതുണയ്ക്കുമാം
ധരണിസുരവരമകുടമണിമമധാർമ്മികൻഗുരുനാഥനും
പരിചിലടിയനുപടുതവരുവതിന്നൊരമൊന്നുതുണയ്ക്കണം

Digitized By Kerala Sahitya Akademi

പരമഗുരുവരചരണസരസിജസേവകൊണ്ടുസമസ്തവും
നരനവിരവൊടുവരുമതൊരുസുരദാരുചരുലഭിക്കണം
നന്ദികാടവിനായകൻഗുരുബാലരവിപരദൈവതം
നന്ദിനൽകണമിന്നുമേതിരുകണ്ടകാരിപ്പുഭഗവതി
കള്ളർകോട്ടമരുന്നാശങ്കരനുള്ളിൽവന്നുവിളങ്ങണം
വെള്ളിമാമലവാസികിള്ളിക്കുറിശ്ശിവാണമഹേശനും.

കാലത്തിൻപകൎച്ചകൾമനുജന്മാൎക്കിന്നിനവില്ലാ
കാലത്തെഉണരുവാൻമടിപാരംബുധന്മാൎക്കും:
കാലൻവന്നണയുമെന്നൊരുപേടിയത്രമില്ലാ
കാലാരിചരിതങ്ങൾ നിനപ്പാനും മനസ്സില്ലാ
ബാലന്മാർ തരുണന്മാർവൃദ്ധന്മാരിവരെല്ലാം
ലീലയ്ക്കുള്ളുനിയൂന്നുതനിച്ചു ഭൂസുരന്മാരും
വെയിലെന്നുംമഴയെന്നും രാവെന്നുംപകലെന്നും
വാലേത്തുതലയേതെന്നറിയാതപുരുഷന്മാർ
കോലുന്നപരിഹാസംപറഞ്ഞിട്ടുംചിരിച്ചിട്ടും
കാലങ്ങൾവൃഥാതന്നെകഴിക്കുന്നുമരിക്കുന്നു
ദേവസ്വംമുടിപ്പാനുംബ്രഹ്മസ്വംമുടിപ്പാനും
ഡംഭന്മാർക്കൊരുനാളുംമടിയില്ലാമനക്കാമ്പിൽ
ബ്രഹ്മാവുശിരസ്സതിൽവരച്ചതുനിരസിപ്പാൻ
ബ്രഹ്മാണ്ഡകടാഹത്തിലൊരുത്തനുമെളുതല്ലാ
ബ്രാഹ്മണവരന്മാരെപ്പരിചോടുവണങ്ങേണം
ബ്രാഹ്മണർനമുക്കെല്ലാമീശനെന്നിരിക്കേണം
ബ്രാഹ്മണ്യമായജന്മംജനിക്കാനുമെളുതല്ലാ
ബ്രാഹ്മണ്യമായകൎമ്മംനടത്താനുംപണിതന്നെ
ചണ്ഡാളൻപറഞ്ഞാലുംനല്ലതെങ്കിൽഗ്രഹിക്കേണം
ചണ്ഡീശകടാക്ഷങ്ങളവനിലുംഭവിച്ചിടും

Digitized By Kerala Sahitya Akademi

ഒട്ടേറെയറിവുള്ള ഭട്ടേരി പറഞ്ഞാലും
പട്ടാങ്ങക്കൊത്തില്ലെന്നാൽ നിരൂപിച്ചേച്ചനഃക്കാവ്യ
കാവ്യങ്ങൾ പുരാണങ്ങൾ നാടകങ്ങളിവയെല്ലാം
ദ്രവ്യം കിട്ടുമെന്നാകിൽ പഠിക്കുന്നു ചിലരിപ്പോൾ
ദ്രവ്യത്തിങ്കലല്ലാതെയൊരു നേരം മനസ്സില്ലാ
ഭവ്യന്മാർക്കു പിന്നൊമതിയെന്നും വരത്തില്ലാ
ദൂരേനിൽക്കും പറയാ! നീ സാരമെല്ലാം പറയാമോ
ധാരണയ്ക്കു കുറവില്ലത്താരണന്മാരുടെ മുമ്പിൽ
ആരണഞ്ഞു പിണങ്ങുന്നുവെന്നുമാരും കരുതേണ്ടാ
ഭാരതിതൻ വിലാസങ്ങൾക്കേതും ഭേദമില്ല;
പാരിടത്തിൽ നിരൂപിച്ചാൽ നേരുതന്നേയുരചെയ്യാം
സ്വരബോധം കലികാലേ നീചജാതിക്കേറുമത്രേ;
കാലകാലൻ ഭഗവാന്റെ ചരിതങ്ങളുരചെയ്വാൻ
ആളു ഞാനെന്നൊരുഭാവമടിയത്തിന്നൊട്ടുതാനും
കാളതന്റെ തോളിലേറിക്കളിക്കും പാർവ്വതീകാന്തൻ
താളമൊന്നും പിഴയ്ക്കാതെ കാത്തുകൊള്ളുന്നുമാമെങ്കിൽ
മേളമോടു പറഞ്ഞീടാം ത്രിപുരദാഹമെന്നോററം
കേളിയുള്ള കഥാരത്നം കേട്ടുകൊൾവിൻ! ബുധന്മാരേ!
താരകനാമസുരന്റെ തനയന്മാർ മൂവരുണ്ടായ്
താരകാക്ഷൻ കമലാക്ഷൻ വീരനായ വിദ്യുന്മാലി.
താരകേശചൂഡനായ ഭഗവാന്റെ മകനായ
താരകാരിയവരുടെ താതനെക്കൊന്നൊരു ശേഷം
നാരദന്റെ പ്രകമ്പളംകൊണ്ടവർക്കുള്ളിലൊരിക്കലും
മാരഹന്താവുടെ നേരെ വൈരമേതും ഭവിച്ചില്ല.
വൈരമെല്ലാം സുരന്മാരിൽ മുഴുക്കുന്നു ദിനം തോറും
ഗൌരിതന്റെ രമണങ്കൽ ഭക്തിയും ചെന്നുറയ്ക്കുന്നു
ദാരുണന്മാരവർ പിന്നെ ഘോരകർമ്മങ്ങൾ ചെയ്യാനും

Digitized By Kerala Sahitya Akademi

വൈരികളാംസുരന്മാരെപ്പോരിലാശുജയിപ്പാനും
ഭൂരിഗൎവ്വംനടിപ്പാനുംശൂരഭാവംനടിപ്പാനും
വീൎയ്യമുണ്ടാകുവാനുള്ള പ്രയത്നത്തിനൊരുമ്പെട്ടു
കൂരിരുട്ടിൻനിറമോടെനേരിടുന്നശരീരങ്ങൾ
ക്രൂരദംഷ്ട്രങ്ങളുംകണ്ടാൽപാരമുള്ളിൽഭീതിയുണ്ടാം
ചെമ്പരുത്തിക്കുസുമത്തെക്കുമ്പിടീക്കുംനയനങ്ങൾ
കമ്പമെല്ലാജനങ്ങൾക്കുമേൻപിനോടെവരുത്തുന്ന
വമ്പരാംദാനവന്മാരുടെമുമ്പിൽനിന്നുപിണങ്ങുന്ന
കൊമ്പനാനത്തലവന്മാർകൊമ്പുകുത്തിവണങ്ങേണം
അഷ്ടലോകാധിപന്മാരുംഞെട്ടുമാറങ്ങതിക്രൂരം
അട്ടഹാസംമുഴക്കിക്കൊണ്ടെട്ടുദിക്കുംനടക്കുന്നു
വിഷ്ടപത്തെമുടിപ്പാനുംവട്ടമിട്ടുപുറപ്പെട്ടു
ഇഷ്ടമാകുംവരമെല്ലാംകിട്ടണമെന്നുറപ്പിച്ചു
ശ്രേഷ്ഠതയ്ക്കുവിരുതെന്നിൽകിട്ടണംപട്ടണന്തോറും
തട്ടണംനമ്മുടെശക്തിമുട്ടണംദേവകൾക്കെല്ലാം
പൊട്ടണംഗാത്രവുംഭേരികൊട്ടണംനാടുകൾതോറും
നാട്ടണംതോരണംകാട്ടിക്കൂട്ടണംവിക്രമമെല്ലാം

എങ്കിലിങ്ങുതരത്തിലുള്ളവരത്തെയിങ്ങുവരിക്കണം
ശങ്കയില്ലജഗത്തുപാടെമുടിപ്പതിന്നുചരിക്കണം
പങ്കജാലയനെഭജിച്ചുവരേണ്ടതൊക്കെവരിക്കണം
പങ്കമാത്രുകളഞ്ഞുനമ്മുടെസങ്കടങ്ങളകററണം
ഇത്തരംനിജചിത്തതാരിലുറച്ചുകൊണ്ടസുരത്രയം
സത്വരംവിപിനാന്തരത്തിലകത്തുപുക്കവരുൾക്കടം
സത്വഭാവമിയന്നുനിന്നുതപംതുടങ്ങിദിവാനിശം
നല്ലനല്ലതടാകവാരിതിരഞ്ഞുചെന്നുകുളിക്കയും
അല്ലലെന്നിയെഗോപിചന്ദനമെന്നിതൊക്കെധരിക്കയും

Digitized By Kerala Sahitya Akademi

കള്ളമെന്നിയെനല്ലമന്ത്രവരങ്ങളങ്ങുജപിക്കയും
അമരവരപുരമമരാവതിനൊരുവിരുത്തുകരുതിവസിക്കയും
സമരമുരുതരമുപരിവരുമിതിപൊരുത്തമമതനിനയ്ക്കയും
പുരുഷതരമൊട്ടുമപെറുമനവധിവരിഷമാശ്രുകഴിക്കയും
നാലുഭാഗങ്ങളിൽനല്ലമേലെരിയുമെരിയിച്ചു
കാലമേത്തുംകളയാതെദാനവന്മാരത്തുകാലം
നാലുവക്ത്രമുടയോൻെറലീലംപാടിസ്തുതിചെയ്തു
പാലുതേനെന്നിവയെല്ലാംകൊണ്ടുനല്ലാഹുതിചെയ്തു
വെയിലുതട്ടിശരീരങ്ങൾകോലുപോലെമെലിഞ്ഞാശ്രു
തോലുചുക്കിച്ചുളിഞ്ഞിട്ടുംഭാവമേത്തുംപകന്നില്ല,
ഏവമൊട്ടങ്ങൊരുകാലംഭൂതലത്തിലുറപ്പിച്ചു
മീലിതാക്ഷിദ്വയന്മാരായ്നിന്നതുറായിരംവഷം
ചുററുമോരോവള്ളിക്രുടിച്ചുററിനിന്നുപടരുന്നു
പുററുവന്നുചുഴലവുംപററിച്ചുററിനിറയുന്നു
ത്താടികളിൽചിലമാടപ്രാവുവന്നുക്രുടുകെട്ടി
മുട്ടയിട്ടുപലകാലംക്രുടിയാടികളിക്കുന്നു
വേടുപോലെവളന്നോരുജടതന്നിലരവങ്ങൾ
ഓടിവന്നുപലർക്രുടികെട്ടുപെട്ടുകിടക്കുന്നു
പേടിയാമന്തകൻതൻെറകിങ്കരന്മാരെന്നപോലെ
ക്രുടിയോരോദനുജന്മാരിങ്ങിനെകാനനംതോറും
ചണ്ഡവാതാതപംകൊണ്ടുവിണ്ണവക്കുംമുനികൾക്കും
ദണ്ഡമേററംഭവിക്കയാൽപുണ്ഡരീകോത്ഭവനപ്പോൾ
ദണ്ഡവുംമാലയുംതോലുംകുണ്ഡികാപുസ്തകംപിന്നെ
മണ്ണുകൊണ്ടുചമച്ചോരുപിണ്ഡവും പെട്ടിയുംകെട്ടി
തിണ്ണമെല്ലാമെടുത്തുകൊണ്ടണ്ഡജത്തിൻമുകളേറി
ചണ്ഡവേഗമെഴുന്നള്ളിക്കണ്ണടച്ചുവസിക്കുന്നോ
പൊണ്ണന്മാരോടരുൾചെയ്തുപണ്ഡിതനാംവിധാതാവും

Digitized By Kerala Sahitya Akademi

൧

“ഉണ്ണികളെമടിയാതെകണ്ണുമെല്ലെത്തുറന്നാലും
നിർണ്ണയംഞാനഭിലാഷംപൂർണ്ണമങ്ങുതരുന്നുണ്ടു
വേണ്ടതെല്ലാംപറഞ്ഞാലും!വേണ്ടഖേദമിനിമേലിൽ
കുറ്റഭാവംകളഞ്ഞെന്നെക്കണ്ടുകൊൾവിൻപുരോഭാഗേ”
ഇത്തരമുള്ള വിരിഞ്ചന്റെഅരുളപ്പാടതുകേട്ടു
ബദ്ധമോദമസുരന്മാർനയനങ്ങൾതുറന്നാശു
ഭക്തിയോടങ്ങെഴുന്നേററുമൂന്നുപേരുംകരംകൂപ്പി
പത്തുനൂറുനമസ്കാരം ചെയ്തുകൊണ്ടങ്ങുണർത്തിച്ചു;
“പങ്കജസംഭവ!പോററി! നിൻകൃപകൊണ്ടടിയങ്ങൾ
ശങ്കരന്റെഭക്തരായി ശങ്കവിട്ടുനടക്കേണം;
വിശ്വമെല്ലാമടിയങ്ങൾക്കൊത്തവണ്ണംവരുത്തേണം
വിശ്വനാഥന്മാരിദാനീമടിയങ്ങളായ്വരേണം;
ഞങ്ങളോടെതിരിടുന്നജനമെല്ലാമടങ്ങേണം
ഞങ്ങളെക്കൊല്ലുവാനാരുംമതിയല്ലെന്നിരിക്കേണം
ഭംഗിവാക്കൊന്നാരുംചെയ്താൽക്കൂട്ടാക്കില്ലെന്നറിഞ്ഞാലും
ഞങ്ങളൊട്ടുംഭോഷരല്ലചെണ്ടകൊട്ടിക്കയുംവേണ്ട
എന്തിനായിട്ടിവിടെയ്ക്കുവന്നുചാടിയതിൽപ്പിന്നെ
ചിന്തകൊണ്ടുംകണക്കില്ല കിട്ടിയല്ലാതയയ്ക്കില്ല
രണ്ടുമൂന്നുവിധംവേണംപുരമെന്നോമതിയാവൂ;
ഭുവനങ്ങൾമൂന്നുവേണം വേണ്ടതെല്ലാമതിൽവേണം
ഭുവനംമൂന്നിലുംതാനേനടക്കേണമതുകൂടെ
ഭവനായഭഗവാങ്കൽഭക്തിഞങ്ങൾക്കേറെയ്ക്കണം
ആയിരംവത്സരംഞങ്ങൾവേർപിരിഞ്ഞുനടക്കേണം
ആയതങ്ങുകഴിയുമ്പോൾകൂടിയെത്തുമൊരുദിക്കിൽ
മുപ്പത്തുനാഴികകൊണ്ടങ്ങെട്ടുകൂറിട്ടുകണ്ടെന്നാൽ
അല്പകാലമൊരുദിക്കിൽക്കൂടിവാഴുംമൂന്നുപേരും
അപ്പൊഴങ്ങൊരസ്ത്രംകൊണ്ടൊരുത്തൻമൂന്നുപേരെയും

Digitized By Kerala Sahitya Akademi

ഒപ്പമങ്ങുവധിച്ചാലന്നുചാവാൻമടിയില്ല
പിന്നെയുംവേർപെട്ടുംഞങ്ങളായിരംവത്സരകാലം
പിന്നെയുംകൂട്ടമവ്വണ്ണംവരംകൊണ്ടത്തുവരുത്തേണം
ആമെങ്കിൽവരമിന്നുവിരവോടിങ്ങുതന്നാലും
അല്ലങ്കിലിളക്കാതെതെരിക്കെന്നുനടന്നാലും!
വല്ലാതെവരുമെന്നൊന്നുകൂടെക്കരുതേണം"
എന്നെല്ലാമവരുടെവാക്കുകേട്ടുവിരിഞ്ചനും
ഉന്നിച്ചുകോപമുള്ളിലാക്കിനിന്നാങ്ങരുൾചെയ്തു
തന്നേക്കാമുണ്ണികളെ!നിങ്ങളുടെഅഭിപ്രായം;
ആശാരിപ്പണിക്കനാമ്മയന്തന്നേവരുത്തിട്ട-
ങ്ങാശയ്ക്കൊത്തക്കപോലെപുരംമൂന്നുപണിയിപ്പിൻ
നാശങ്ങളണയാത്തപുരങ്ങളിലിരുന്നുകൊ-
ണ്ടാശാന്തങ്ങളിലെല്ലാംനടന്നാലുംഭടന്മാരെ!
നിങ്ങൾക്കുമനതാരിലുള്ളവണ്ണംഭവിക്കട്ടെ
നിങ്ങൾക്കുത്രിപുരന്മാരെന്നുപേരുംഭവിക്കട്ടെ
ഇങ്ങിനെവരംനൾകിവിരിഞ്ചനുംസുരന്മാരും
തിങ്ങിനമുനിമാരുംഗമിച്ചാരംബരംനോക്കി;
താരകനാമസുരന്റെമക്കളായത്രിപുരന്മാർ
സാരമായശിവഭക്തിമുഴുത്തുമാനസതാരിൽ
ചാരുവായജടാഭാരംധരിച്ചുത്തു[illegible]ഴുംചൂടി
ചാരമെല്ലാമടിതൊട്ടുമുടിയോളംപൂശിനന്നായ്
ചേരുമാറുപുലിത്തോലുമുടുത്തുകൌതുകത്തോടെ
ഭൂരിരുദ്രാക്ഷജാലങ്ങളണിഞ്ഞുകണ്ഠദേശത്തിൽ
ഹരന്റെതിരുനാമംജപിച്ചുമൂവരുംകൂടെ
"തരുണേന്ദുകലാധര പാഹിവിഭോ!
ഹരശങ്കര!ശങ്കര!പാഹിവിഭോ
ഗിരിജപ്രിയവല്ലഭ! പാഹിവിഭോ!"

Digitized By Kerala Sahitya Akademi

ഇപ്രകാരംതിരുനാമമുരചെയ്തു നടക്കുന്നാ
മുപ്പുരന്മാർമയൻതന്നെസ്മരിച്ചാരാദരവോടെ
ശിൽപ്പിമാരിൽമികവേറുംമയനാശുപോന്നുവന്നു
അപ്രമേയാദ്ധികൻകറെകൗശലമന്ദിരംതീർപ്പാൻ
അരംവേണ്ടാവാളുവേണ്ടാവാച്ചിവേണ്ടാഉളിവേണ്ടാ
തരംനോക്കീട്ടൊരുദിക്കിൽമഴുകൊണ്ടന്നുകത്തുമ്പോൾ
പുരന്താനെജ്ജനിച്ചീടുംതനിച്ചപർവ്വതംപോലെ
"തമ്പുരാന്മാരടിയനെച്ചിന്തചെയ്യാനെന്തുമൂലം?
വമ്പിയന്നാദരവാന്മാരൊന്നരുളിച്ചെയ്തുകേൾക്കേണം
കല്പനകേൾപ്പതിന്നോത്തുംമടിയില്ലായടിയന്നു"
ഇപ്രകാരമുണർത്തിച്ചാനസുരാശാരിയുമപ്പോൾ;
എന്നതുകേട്ടൊരുനേരംതാരകാക്ഷനരുൾചെയ്തു:—
"ഇന്നുതന്നെഭവനങ്ങൾമൂന്നുവേഗംചമച്ചാലും!
പൊന്നുകൊണ്ടുംവെള്ളികൊണ്ടുംഇരിമ്പുകൊണ്ടുമോരോന്നു
ഉന്നതമായിരിക്കേണംവിസ്തൃതമായിരിക്കേണം
പിന്നെവേണ്ടുന്നവസ്തുക്കളെതിൽതന്നെജനിക്കേണം;
നന്നനന്നൊന്നൊരുപോലെ കേളിനിളെപ്പരക്കേണം"
വെണ്മചേരുംവചനങ്ങൾകേട്ടനേരംമയന്താനും
വെണ്മഴുകൊണ്ടുടൻമൂന്നുവെട്ടിനാൻഭൂതലന്തന്നിൽ;
വെണ്മണിമാളികോദ്യാനംപ്രൌഢവാപീതടങ്ങളും
പ്രൌഢിയോടെപുരംമൂന്നുംവിളങ്ങികാണായിവന്നു

മാടവുംമണിമാടവുംപതിനെട്ടുകെട്ടുനിരക്കവേ
നാടശാലകൾകോടിഹാടകവാടക്രീഡഗൃഹങ്ങളും
ഘോടകാലയജാലവുംപലചേടകാലയവീടുകൾ
കുങ്കുമാലയമങ്കണങ്ങളുമങ്കവെങ്കളിമാടവും
തങ്കശാലകളങ്കശാലകളങ്കശാങ്കിതമണ്ഡപം

Digitized By Kerala Sahitya Akademi

കിങ്കരാലയചൃങ്കശാലകൾമങ്കമാരുടെവീടുകൾ,
കോട്ടമാളികചെട്ടിപട്ടണമൂട്ടുകെട്ടുകൾതട്ടുകൾ,
സിന്ദുവാരവൃമെന്നവേണ്ടമരങ്ങളെത്രതരങ്ങളിൽ
ചെമ്പകങ്ങളിരിമ്പകങ്ങൾകരിമ്പുരംഭകരിമ്പന
ചെമ്പരത്തിപരത്തിപ ത്തിപാതിരിഅത്തിഇത്തിവടങ്ങളും
മുല്ലമല്ലികചെങ്കുറുഞ്ഞികരിങ്കുറുഞ്ഞികുറുഞ്ഞിയും
ദാനവാധിപസേനകൾക്കൊരുഹാനിയില്ലൊരുനേരവും
പീനപൌരുഷമങ്ങുമിങ്ങുമിരുന്നലീലതുടങ്ങിനാർ;
ഗദ്യപദ്യമുരസ്സുയുംപലവിദ്യകണ്ടുരസിക്കയും
നല്ലപാട്ടുകളങ്ങുപാടിയൊട്ടുക്കമെങ്ങുപിഴസ്സുയും
പകിടപലതരമാടിയുംപലപ്രകടരസമിടക്രൂടിയും
രസികജനമിടകൂടിയുംമൃദുഹസിതപുതുമലർചൂടിയും
ഇത്തരംപലഘോഷഭീഷണഭൂഷണംബഹുഭാഷണം
ചിത്തമോഹനമാംപുരത്രയമത്രതീർത്തമയാസുരൻ
എത്രയുംകുതുകംകലൎന്നൊരുതാരകാക്ഷനമക്ഷണം
തത്രനിന്നഥതമ്പിമാരൊടുക്രൂടവേഗിരമോതിനാൻ;
"ശില്പമെത്രയുമിപ്പുരത്രയമല്പമല്ലൊരുകൌശലം
കല്പകത്തണലിൽപ്പിറന്നമിപ്പൂതികളുമിതെത്തുമോ?
ശില്പിമാരിലൊരുത്തനമ്പുനരിപ്രകാരമൊരാലയം
തീർപ്പതിന്നൊളുതല്പകില്ലതിനില്ലനല്ലുഗുണാംബുധേ!
എങ്കിലിന്നുഗമിക്കനീമയശങ്കയില്ലനമുക്കഹോ
നിങ്കലെപ്പൊഴുമുണ്ടെനിക്കുപ്രസാദമെന്നുധരിക്കനീ
ശങ്കരൻകൃപകൊണ്ടുവേണ്ടതുമൊക്കെവന്നതികഞ്ഞുതേ
എങ്കിലീഭുവനാന്തകർത്തതിമത്തവാഴവനിന്നുഞാൻ;
പാകശാസനനെപ്പിടിച്ചുകൊടിത്തടത്തിൽമുറുക്കണം
ലോകപാലകരൊക്കെവന്നുപടിക്കലിങ്ങുകിടക്കണം
ലോകമൊന്നുമറിച്ചുവെക്കണമേകശാസനമാക്കണം

വാദമില്ലനമുക്കുചതുസ്സിവിക്രമമോടുംനടത്തണം
പട്ടണംചിലചുട്ടെരിക്കണമൊട്ടുവെട്ടിമുടിക്കണം
തൊട്ടതൊക്കെമുടിക്കണംപടക്കുറ്റിവെച്ചുമെടുക്കണം
നീക്കമില്ലിനിയക്ഷരാജനൊടിക്ഷണംപടവെട്ടണം
വെക്കമെങ്ങളകാപുരത്തിലിരിപ്പുമമ്പൊട്ടുപോകണം
പൊക്കണങ്ങളണിഞ്ഞുകൊണ്ടവനിന്നിരന്നുനടക്കണം
മരണഭയമുടനിയലുമമരകുലമരുവാൻപണിചെയ്യണം
കരുണനഹിനഹികരളിലൊരുകടുവോളമെങ്കിലുമിന്നഹോ
ചന്ദ്രബിംബമെടുത്തെനിക്കൊരുചാണയാക്കിയുരയ്ക്കണം
സാന്ദ്രശീതളകോമളം പനിനീരുമുണ്ടതിലെപ്പൊഴും
സൂര്യബിംബമെടുത്തെനിക്കൊരുപൂണലാക്കിവളയ്ക്കണം
താരകാവലികൊണ്ടെനിക്കൊരുഹാരമാലചമയ്ക്കണം
താരകാക്ഷനടങ്ങുകില്ലനിനപ്പതൊക്കെവരുത്തണം
ഉരഗപതികളുമമരപതികളുമനിശമെന്നെവണങ്ങണം
പരിചിലവരുടെധനവുമനവധിജനവുമനവധിതീരണം
ജംഭശാസനനന്തനിച്ചനിലിമ്പവൃന്ദമശേഷവും
ഡംഭുകാട്ടിഞെളിഞ്ഞിരിപ്പതുമിന്നെനിക്കിഹകാണണം
രംഭമേനകചിത്രലേഖയുമത്രവന്നുവണങ്ങണം;
ശംഭുസേവപദാംബുജദ്വയമുണ്ടെനിക്കവലംബനം"

വീരനായതാരകാക്ഷനിതോരോരോന്നുരചെയ്തു
പൊന്നുപുരത്തിലകംപുക്കുപള്ളിമാടംമുകളേറി;
അങ്ങുമിങ്ങുംനടക്കുന്നോരസുരന്മാരത്തുനേരം
തങ്ങൾതങ്ങൾപടയോടെവന്നുപാറിധിറയുന്ന
ഒററവാളുംപരിചയുംപത്തിവാളുംകോപ്പുവാളും
അററമില്ലാത്തായുധങ്ങൾകരങ്ങളിലെടുത്തുംകൊ-
ണ്ടുററവരാമസുരന്മാർവന്നുചുററുംനിറയുന്നു
മററുമോരോപദാർത്ഥങ്ങൾകാഴ്ചവച്ചുവണങ്ങുന്നു,

Digitized By Kerala Sahitya Akademi

ചുററുമെല്ലാംനിറഞ്ഞങ്ങുതിങ്ങിനില്ക്കുന്നഭൃത്യന്മാർ
ഉള്ളിൽപേടിയുംതേടിചിലമന്ത്രിപ്രവരന്മാർ
പള്ളിശ്രാമ്പിമേലേറിതിരുമുമ്പിൽചെന്നുനിന്നു
പള്ളിക്കട്ടിലിൻതാഴെനിന്നുമൂക്കിൽവിരൽതള്ളി
ഭള്ളുകാട്ടിക്കൊണ്ടുകാര്യമുണർത്തിച്ചുവസിക്കുന്നു
ചൊല്ലുന്നാപ്പതിക്കുതല്ലുന്നാസചിവന്മാർ
തല്ലുന്നാപ്പതിക്കുകൊല്ലുന്നാസചിവന്മാർ
കൊല്ലുന്നാപ്പതിക്കുതിന്നുന്നാസചിവന്മാ-
രെല്ലാമിങ്ങിനെതന്നെചൊല്ലുന്നുമതിമാന്മാർ
ക്രൂരനാമസുരന്റെ കാര്യക്കാരവരേററം
ക്രൂരന്മാർപലമീശക്കൊമ്പന്മാരൊരുപോലെ
ദൂരവേപഞ്ചപുച്ഛമടക്കിക്കൊണ്ടുചെന്നിട്ട-
ങ്ങീരേഴുഭുവനത്തെമുടിപ്പാനാഗ്രഹത്തോടെ
ഒരുത്തൻചെന്നൊരുകാര്യംധരിപ്പിപ്പാൻതുടങ്ങുമ്പോൾ
കരുത്തുള്ളയജമാന്മാർവിരുദ്ധമായുരചെയ്യും
കരത്തിൽനാലെടുത്തങ്ങുകൊടുത്താൽകാര്യമൊട്ടെല്ലാം
വരുത്തുംശീലമവ്വണ്ണംവിരവോടുധരിച്ചാലും
സുരന്മാരിൽപണ്ടുപണ്ടേതുടങ്ങിമാനസതാരിൽ
അടങ്ങുന്നില്ലിതുനേരമൊടുങ്ങാതുള്ളൊരുവൈരം
കടുകോപംകലർന്നൊരുതാരകാക്ഷനതുനേരം
കടക്കണ്ണുചുവത്തിക്കൊണ്ടരുൾചെയ്താനിപ്രകാരം
"കാര്യബോധംതികഞ്ഞുള്ളകാര്യക്കാർപലരുണ്ട്
കാര്യമൊന്നങ്ങുരചെയ്യാൻതുടങ്ങുന്നുഞാനിപ്പോൾ
വീര്യമേറുംമുകുന്ദന്റെശക്തികൊണ്ടിജ്ജനങ്ങളെല്ലാം
നാരിമാരെന്നതുപോലെഭയപ്പെട്ടുവസിക്കുന്നു
നാണമെന്നുംശൌര്യമെന്നുംബോധമെന്നുംവീര്യമെന്നും
വേണമെന്നിജ്ജനങ്ങളിലൊരുത്തർക്കുംമനസ്സില്ല

Digitized By Kerala Sahitya Akademi

പ്രാണനീക്കൂട്ടിലുള്ളപ്പോൾ താണിരിപ്പാനെളുതല്ല
ആണിനത്രേ പിറന്നൊള്ളു ഞങ്ങളെന്നു ധരിച്ചാലും
ആനനം നാലുള്ളവന്റെ ഭക്തികൊണ്ടീജ്ജഗത്തെല്ലാം
ഞാനൊരുത്തൻ ജയിച്ചീടാമത്ര ചാകില്ലറിഞ്ഞാലും
സർവ്വദേവാധിപത്യത്തെ നിർവ്വഹിച്ചമരുവുന്ന
പർവ്വതാരിക്കൊരു കൂട്ടം ഗർവ്വപാരം മനക്കാമ്പിൽ
സാർവ്വഭൂമാരോടു കൂടി സർവ്വകാലം രമിക്കുന്ന
ഉർവ്വശീകാമുകൻ പോരിലുർവ്വിതന്നിൽ പതിക്കേണം
വേണ്ട വേണ്ടാ എന്നു വെച്ചിട്ടൊക്കയും ഞാൻ ക്ഷമിക്കുന്നു
വേണ്ടതല്ലെന്നറിയാഞ്ഞിട്ടല്ല മന്ത്രീശ്വരന്മാരേ!
അർജ്ജുനനുള്ളന്നിവരുടെ ഇച്ഛയേതും ഫലിച്ചില്ല
പൂച്ചയെക്കണ്ടെലിപോലെ വിറച്ചുകൊണ്ടിരുന്നല്ലോ
അർജ്ജുനനേയുമിവർ തന്നെ തച്ചുകൊല്ലിച്ചതും പിന്നെ
അച്ചതിവു നിനയ്ക്കുമ്പോളുച്ചകോപം ജ്വലിക്കുന്നു
പങ്കജബാണനെപ്പണ്ടു ശങ്കരനെറ്റിക്കണ്ണിൽ
ശങ്കകൂടാതെ ചാടിച്ചാർഹങ്കൃതിക്കാർ പലർ കൂടി
സന്ന്യസിച്ച ഭഗവാനെക്കൊണ്ടു വേളി കഴിപ്പിച്ചു
മുന്നിലേ കൈതവം പാരം കണ്ടതും കേട്ടതുമില്ല
എന്നുവേണ്ടാ ശചീകാന്തനൊത്തവണ്ണം കാര്യമെല്ലാം
അന്നുവെട്ടംറാളിനന്നെയ്തിട്ടിരുന്നു ലോകമെല്ലാം
ദന്തശൂകാധിപനായ വാസുകിയെക്കയറാക്കി
മന്ദരപർവ്വതത്തെയും മത്തുമാക്കീട്ടൊരുനാൾ
പാല്ക്കടലിൻ നടുവിലിട്ടാക്കമോടേ വലിച്ചപ്പോൾ
വെക്കമോരോ പദാർത്ഥങ്ങളതിൽനിന്നുമുത്ഭവിച്ചു
കല്പവൃക്ഷങ്ങളുണ്ടായി നല്ല പെണ്ണുങ്ങളുണ്ടായി
ദർപ്പമോടെ നാലുകൊമ്പുള്ളാനയും വന്നാർത്തുപൊങ്ങി
ഇത്തരം നല്ല വസ്തുക്കൾ വാനവന്മാർ കൈക്കലാക്കി

Digitized By Kerala Sahitya Akademi

അത്രമാത്രമൊന്നുപോലുമിജ്ജനത്തിന്നുതന്നില്ല
ശങ്കരന്നുമതിലൊന്നുംകൊടുത്തില്ലെന്നതേയല്ല
ശങ്കവിട്ടുഭഗവാനെക്കാളകൂടംകുടിപ്പിച്ചു
ആരുമൂട്ടുംഭഗവാനുൾക്കൂറുമില്ലദേവകൾക്ക
ആരുകൂട്ടംപറഞ്ഞീടാമിപ്രകാരംകൈതവങ്ങൾ
അത്രപൊന്നുംപണങ്ങളുംഛത്രവുംചാമരങ്ങളും
വൃത്രവൈരിപുരംതന്നിൽമെത്തയേറിക്കിടക്കുന്നു
പത്തനങ്ങൾക്കിടംപോരാഞ്ഞങ്ങുമിങ്ങുമിരിക്കുന്നു
തത്രതത്രനടന്നോരോന്നിരക്കുന്നുകപാലിക-
ങ്ങത്രമാത്രംകെട്ടിപ്പാനുംമനസ്സില്ലശാന്മാർക്ക
നേത്രമേറുന്നരാജാവിന്നരിന്നേതുംകൂട്ടമില്ല
അസ്ഥിമാലയെടുത്തീശൻമുത്തുമാലയണിയുന്നു
വസ്ത്രമില്ലാഞ്ഞുടൻനല്ലപുലിത്തോലങ്ങുടുക്കുന്നു
ചെമ്പകപ്പൂമലരില്ലാഞ്ഞമ്പിളിത്തെല്ലുചൂടുന്നു
ചന്ദനമില്ലാത്തമൂലംവെണ്ണനീർകൊണ്ടണിയുന്നു
മേളമേററംകലർന്നൊരുവാഹനമില്ലാത്തുകൊണ്ടു
കാളകണ്ഠൻഭഗവാനുംകാളയേറിനടക്കുന്നു
ആളുമില്ലവാളുമില്ലകാമവൈരിക്കതുമൂലം
കാളിയേയുംകൂളിയേയുംതുണകൊണ്ടുനടക്കുന്നു
ഇപ്രകാരമിരിക്കുന്നാസുപ്രകാശസ്വരൂപിക്ക-
ങ്ങപ്രിയത്തെവരുത്തുന്നദുഷ്ടപ്രഭുക്കൾക്കിന്നുതന്നെ
നിഷ്പ്രകാശംവരുത്തേണംക്ഷിപ്രമെന്നുധരിച്ചാലും
തൽപ്രകാരംകൊണ്ടുലോകക്കപ്രിയങ്ങൾഭവിച്ചാലും
പൊമ്പുരത്തിലിരിക്കുന്നോഞാനുമെന്റെഭടന്മാരും
ഉമ്പർകോന്റെനാട്ടുപാടെമുടിപ്പാനുംതുടങ്ങുന്നു;
തമ്പിയായകമലാക്ഷൻവെള്ളിഗേഹേവസിച്ചുകൊ-
ണ്ടിമ്പമോടുഭൂമിതന്നിൽചിലനാശംവരുത്തേണം

Digitized By Kerala Sahitya Akademi

ഇരുമ്പുമന്ദിരേവിദ്യുന്മാലിതാനുംപാലുകാച്ചി
തരിമ്പുംപേടികൂടാതെചെന്നുപാതാളലോകത്തെ
പെരുമ്പാമ്പന്മാരെയെല്ലാമൊരുമ്പെട്ടുകരംകൊണ്ടു്
കരിമ്പിന്തണ്ടെന്നപോലെപിടിച്ചൊക്കെപ്പിഴിയേണം

ഇത്തരമങ്ങുരചെയ്തൊരുദാനവ-
സത്തമനെത്തിയഭൃത്യജനത്തൊടു-
മൊത്തുതകത്തുതിമിത്തുപുറപ്പെട്ടു
സത്വരമൊത്തുകളിച്ചുപുളച്ചഥ
ചെണ്ടപെരുമ്പറകാളംകടുത്തുടി
മദ്ദളമെന്നിവവാദ്യരവങ്ങളാൽ
അണ്ഡകടാഹംമുഴക്കിപ്പതുക്കവേ
ബ്രഹ്മാണ്ഡഭാണ്ഡംമുഴങ്ങിത്തുടങ്ങി
ശൈലങ്ങളേഴുംകുലുങ്ങിത്തുടങ്ങി
പാലാഴിക്കൂടെക്കലങ്ങിത്തുടങ്ങി
മാലോകർചിത്തംവിറച്ചുപതുക്കേ
മാലോടുകൂടെമയങ്ങിത്തുടങ്ങി

ഇത്തരമ്പലഘോഷമാൎന്നൊരുദൈത്യസേനകളോടുടൻ
ഒത്തുകൂടിനതാരകാക്ഷമഹാസുരൻബഹുപൌരുഷൻ
തമ്പിമാരൊടുയാത്രചൊല്ലിയനുഗ്രഹിച്ചുപതുക്കവേ
ഉമ്പർകോനുടെനാടുനോക്കിനടന്നുകാഞ്ചനകോട്ടയിൽ
വാനമൊക്കെനിറഞ്ഞുവിങ്ങിനദാനവപ്പടയോടുടൻ
താരകാക്ഷപടജ്ജനങ്ങളുടൻകടന്നുസുരാലയേ
ഘോരകൎമ്മമനേകമങ്ങുതുടങ്ങിയോരുദശാന്തരേ
പാരമുള്ളിലിയന്നപേടികലൎന്നദേവകളേവരും
സ്വൈരമങ്ങുവസിക്കുമിന്ദ്രനൊടിപ്രകാരമുണൎത്തിനാർ
“ഉമ്പർകോനേതമ്പുരാനേമുടിഞ്ഞുനമ്മുടെരാജ്യം;

Digitized By Kerala Sahitya Akademi

പൊന്നുരക്കാരനെക്കണ്ടുഭയപ്പെട്ടുഞങ്ങളെല്ലാം
ദുഷ്ടർവന്നുനിരക്കുന്നുകഷ്ടമോരോന്നുരയ്ക്കുന്നു
ശിഷ്ടരേയുംതടുക്കുന്നുനിഷ്ഠയെല്ലാംപറത്തുന്നു
നന്ദനത്തിൽകടക്കുന്നുചന്ദനങ്ങൾഒടിക്കുന്നു
കന്ദരങ്ങളടയ്ക്കുന്നുകാനനങ്ങൾതകർക്കുന്നു
കളിത്തട്ടില്ക്കരയേറിത്തെളിഞ്ഞങ്ങുവസിക്കുന്നു
അഭ്രമുവല്ലഭൻതന്റെശുഭ്രദന്തംപിടിക്കുന്നു
വിത്തമെല്ലാംമടിക്കാതെകുത്തിവാരിക്കവരുന്നു
പത്തുലക്ഷംദനുജന്മാർപത്തനങ്ങൾവളയുന്നു
കാൽത്തളിരിൽവീണുവന്ദിക്കുന്നവരിൽത്തെളിയുന്നു
തമ്പുരാനേ!അടിയങ്ങൾക്കെന്തൊരുദണ്ഡംമനക്കാമ്പിൽ
ഇമ്പമോടിജ്ജനങ്ങളെജയിപ്പാനെത്രയുംവേ[illegible]ൽ
വമ്പർവന്നങ്ങടുക്കുമ്പോൾതടുപ്പാൻശക്തിയില്ലാഞ്ഞൊരു-
ചെമ്പിലെച്ചോറുതിന്നുന്നഞങ്ങളെക്കൊണ്ടെന്തുകാര്യം"
ഇത്ഥമോരോവീരവാദംപറഞ്ഞുകൊണ്ടത്രനേരം
ബദ്ധമോദംസുരന്മാരുമസുരപുംഗവന്മാരും
യുദ്ധഘോഷമുതിർന്നാരങ്ങെത്രയുംഘോരമാംവണ്ണം
പടകളിരുപുറമാത്തുകൂടി
പടഹതധടതധടഘോഷമാടി
പടുതതേടിപലരുകൂടി
ശരമതേറ്റുവിരണ്ടുലഞ്ഞു
വില്ലെടുത്തുപിടിക്കയുംതട-
വില്ലുതമ്മിലടിക്കയും
ചിലരുഴകയുഞ്ചിലരുതൊഴുകയും
പോരിന്റെപോലിമകളോരോന്നായുരചെയ്വാൻ
പോരാനേരവുംപിന്നെതിരായവന്നംചൊന്നാൽ
പോരാതെസുരന്മാരങ്ങോരോരോദിക്കിലേക്കോടി

Digitized By Kerala Sahitya Akademi

താരകാക്ഷനു യുദ്ധംചെയ്യുന്നാദിശിയിങ്കൽ
തേരീന്നങ്ങുടൻ ചാടിദ്ദൂരത്തിന്നുന്നംപോയി
പാരംഭീതനാംജംഭവൈരിക്കസുരന്മാർക്കും
ഭീരുക്കളെന്നതന്നേപേരുംവീണിതക്കാലം
ചേരുന്നസുഖമെല്ലാമാരോമൽകനിവോടെ
സ്വൈരമേവരുത്തിക്കൊണ്ടാരോട്ടുംകുറയാതെ
വീരനാകുംതാരകാക്ഷൻ ചാരുവേഷത്തോടു[illegible]ണു
നേരമ്പോക്കിന്നനല്ലനാരിമാരുടെക്രൂത്താ
ശാരികാമൊഴികളും ചാരുവാംവിലാസവും
സാരസ്യങ്ങളുമേളിച്ചോരോകേളിയുമാടി
വീര്യസ്വർഗ്ഗവും കിട്ടിധീരൻ വാണതുകാലം.

വെള്ളിക്കോട്ടയിലുള്ള കമലാക്ഷനവനിയി-
ലുള്ള മാനുഷരുടെനാട്ടുകളും വീട്ടുകളും
കൊള്ളിവെച്ചങ്ങെരിക്കുന്നു നീളെസ്സഞ്ചരിക്കുന്നു
കള്ളുകൊണ്ടൊരുനേരമെള്ളോളംഭയമില്ല
കള്ളന്മാരൊരുകൂട്ടംഭൃത്യന്മാരവർപിന്നെ
കള്ളിന്നുംകരുപ്പിന്നുംതിരഞ്ഞങ്ങുനടക്കുന്നു
തള്ളിക്കൊണ്ടലയുന്നുദ്ദേള്ളറെനെടിക്കുന്നു
മുള്ളേറെപ്പറയുന്നുപിള്ളേരെപ്പിടിക്കുന്നു
കള്ളന്മാരുടെവീട്ടിൽ പടവില്ലാനല്ലബാണം
വില്ലാഘോരമാംദൃഷ്ടിത്തെല്ലാംകൈകളിലോരോ
കല്ലാകണ്ടുപേടിച്ചുകൊല്ലുംനമ്മളെവന്നു
തല്ലുംനമ്മളെയെല്ലാംതെല്ലുംസംശയമില്ല
മെല്ലെഗാത്രവുംകൊണ്ടുവല്ലദിക്കിന്നുംപോകെ-
ന്നെല്ലാമാനുഷന്മാരുംചൊല്ലിധാവതിചെയ്താർ
വായെല്ലാംപിളർന്നുംകൊണ്ടസുരന്മാരടുക്കുമ്പോൾ

Digitized By Kerala Sahitya Akademi

നായന്മാർതെരുതെരെപ്പായുന്നവനന്തോറും
പായുംകട്ടിലുംവീടുംപോയെന്നാകിലുന്തന്റെ
കായംകിട്ടുമെന്നത്രേനായന്മാർനിനയ്ക്കുന്നു
ചുമരുണ്ടെങ്കിലേനല്ലചിത്രമുള്ളുധരിച്ചാലും
ചോറുണ്ടെങ്കിലേനല്ലകറികൊണ്ടുകണക്കുള്ളു
അയ്യോകഷ്ടമിക്കൂട്ടംവന്നാടുകളന്നേരമെന്റെ
കയ്യിൽവാളുമില്ലാഞ്ഞുതടുപ്പാനാളുമില്ലാഞ്ഞു
പയ്യകുത്തുമ്പൊളപ്പഞ്ചാക്ഷരംകൊണ്ടുകണക്കുണ്ടോ
പൊയ്യോന്നോഎനിക്കുള്ളകയ്യരോടെകണക്കുള്ളു
ആട്ടക്കാരുടെക്കൂട്ടംനാടുവിട്ടുനടന്നീടും
കണ്ടമെല്ലാമത്രമാത്രംകൊടുത്താലീയുടെത്തന്നെ
രണ്ടുപേർക്കുംചിലവിനുവേണ്ടതെല്ലാംവിളയുന്നു
ചെണ്ടകൊട്ടിനമുക്കിപ്പോളസുരന്മാർവിളവെല്ലാം
കൊണ്ടുപോകുന്നതുകണ്ടുകണ്ടിരിപ്പാറായിവന്നു
ഉണ്ടചോറുംമറന്നല്ലോകുണ്ടിലായിച്ചമഞ്ഞല്ലോ
കണ്ടുകൊൾവിൻകാലദോഷംതൊണ്ടനെന്നപേരുവന്നു
നാശംകാൺകെടോ!രണ്ടുകാശിന്നുംമുതലില്ലാ
കാശിക്കുതിരിപ്പാനുംദേശങ്ങളറിവില്ല
ഇങ്ങിനെയൊരുക്കൂട്ടംമനുജന്മാർപറഞ്ഞിട്ടു
നാട്ടിലുംമലമൂട്ടിലുംചിലവലിയമലയുടെഗ്ഗുഹയിലും
ചെന്നുറച്ചുവിറച്ചുമനുജരൊളിച്ചുകൊണ്ടുനടക്കയും
വന്നദാനവരെന്നുകേട്ടുടനവിടെനിന്നുതിരിക്കയും
എന്തുവേണ്ടമഹീതലങ്ങളിലുള്ളിശിവശിവപറവതോ?
താരകാക്ഷസഹോദരൻകമലാക്ഷനെന്നമഹാസുരൻ
ഘോരമാംപടയോടുകൂടെമദിച്ചുകൊണ്ടുനടക്കയും
പാരിലുള്ളപുരങ്ങളുംനഗരങ്ങളുംവിഭവങ്ങളും
സർവ്വമാശുനശിക്കുമാറുപരാക്രമങ്ങൾതുടങ്ങിയും

Digitized By Kerala Sahitya Akademi

സർവ്വസുന്ദരിമാർവിളങ്ങിനവീടുതേടിനടക്കയും
സരസതരിവളകടകപിരിവളതാലിമാലപറിക്കയും
കണ്ടുരാമവരംഗനാജനകന്റസൂത്രമറുക്കയും
അവനിപതികടെഭവനമഖിലവുമവനുമവനുടെക്കൂട്ടവും
തവിട്ടുപൊടിമയമവിടയുമ്പുനരവനരഹിതമതാക്കിയും
അമ്പലത്തിനകത്തുചെന്നുബലിത്തിടിമ്പുപറിക്കയും
കൊമ്പനാനകളെപ്പിടിച്ചുടകൊമ്പുരണ്ടുമൊടിക്കയും
"ഓത്തുചൊല്ലുകിലുണ്ടുകുററമതോത്തുകൊള്ളുകവിപ്രരേ
കൂത്തുപാട്ടുകളോട്ടമെന്നിവകാട്ടുകിൽപ്പുഴിയിപ്പൊഴേ
കൂത്തമൂത്തുശരങ്ങൾകൊണ്ടുടകുത്തുവാൻകുറവില്ലഹോ
കുടകൾതഴകൾപിടിക്കയുംപടഹമുരജമടിക്കയും
ഇപ്പറഞ്ഞതിലൊന്നുമിന്നിഹഇപ്രഭുക്കൾതുടങ്ങൊലാ
കല്പനയ്ക്കനുകൂലമായിട്ടിപ്പോൾനിങ്ങൾനടക്കണം
നാട്ടിനുംനഗരത്തിനുംകാട്ടിനുംകനകത്തിനും
നായകൻകമലാക്ഷനായകനായകാലമൊരുത്തനും
തായമാട്ടുതുടങ്ങൊലാപോയകാലമതെല്ലൊടോ!
തമ്പുരാനുടെകാൽത്തളിക്കിഹകുമ്പിടേണമിതേവരും
വമ്പുകൊണ്ടിഹനില്ക്കുമേവനുമുമ്പിൽവന്നിഹനില്ക്കണം
നമ്മുടാൾക്കുപണത്തിനാഗ്രഹമേറെയുണ്ടതുനിശ്ചയം
പടിക്കൽപാറപൊന്നെങ്കിൽപാതിതേവക്കെന്നപോലെ
തുടങ്ങുംനമ്മളോടിന്നുയജമാനന്മാരുമെല്ലാം
പടയ്ക്കുവേണമിക്കൂട്ടംകൊടുക്കണോരമൊട്ടെല്ലാം
മടിക്കുന്നോനമെന്നാലുംമിടുക്കുണ്ടെങ്കിലേതാനും
കിടയ്ക്കുംദോഷമെന്നാകിലുടുക്കുംവസ്ത്രവുംകൂടെ
പിടുങ്ങുംമന്ത്രിവീരന്മാർകടക്കേണംനാട്ടുതോറും"
കൈക്കലേതാനുമുണ്ടെങ്കിൽതക്കവണ്ണംശ്രമിക്കേണം
കൈക്കലില്ലാത്തവൻതന്നെയാക്കമില്ലബദ്ധമാനം

Digitized By Kerala Sahitya Akademi

നാട്ടുവിട്ടുനടപ്പാനായ്തുടങ്ങുമ്പോളൊരുക്കൂട്ടം
വീട്ടുതോറുംമഠംതോറുമിരുന്നോരോന്നരയ്ക്കുന്നു
ഇന്നലെരാത്രിയിലങ്ങസുരന്മാർചെന്നൊരുവീട്ടിൽ
കൊന്നുപോയീപൂരച്ചാരെത്തിന്നുപോലശ്ശ്വമെല്ലാം
എന്നാപോലെജ്ജനംതിന്മാൻനന്നുപോലെന്നുകേൾക്കുന്നു
അവനിപ്പോളേകദേശംവയസ്സേഴുപത്തുനാലായ്
കാഴ്ചയില്ലാകണ്ണിനൊട്ടുംചെവിരണ്ടുംകേട്ടുകൂടാ
പല്ലുംപോയിട്ടെത്രനാളായക്രമമില്ലാപരമാർത്ഥം
കല്ലുകൊണ്ടുചതച്ചാലുംവെററ്റിലതിന്മാനെളുതല്ല;
കൊല്ലുവാനിന്നസുരന്മാർവന്നുവെന്നങ്ങറിയാതെ
മെല്ലെവന്നുപുറപ്പെട്ടാലങ്ങൊരുത്തൻപറയുന്നു
ചക്കരപൂരത്തുടെവീട്ടിൽകിങ്കരന്മാർവന്നുകേറി
മക്കമാരെപ്പിടിച്ചങ്ങുകൊണ്ടുപോവാൻതുനിഞ്ഞപ്പോൾ
ചക്കരച്ചാരെഴുനേററുതൊങ്ങൽവാളുംപരിചയും
തങ്കരത്തിലെടുത്തുംകൊണ്ടങ്കണത്തിൽചാടിനിന്നു
മുററുംനിന്നങ്ങൊരുപോലെപററത്തോണ്ടുകളിച്ചപ്പോൾ
അററമില്ലാതസുരന്മാർതോററുമണ്ടിക്കാട്ടുപുക്കു,
തിട്ടക്കംവന്നാട്ടുകളപ്പോൾകിട്ടക്കൺനമ്മുടെജേഷ്ഠൻ
പൊട്ടക്കെന്നുപുറപ്പെട്ടങ്ങുകളെയ്ക്കകംപുക്ക
കിടപ്പെല്ലാമവനിപ്പോളുടപ്പിലെന്നതുംകേട്ടു
കൂട്ടമോടെമനുജന്മാർകെട്ടുകെട്ടിപുറപ്പെട്ടു
കുട്ടികളെപ്പിടിച്ചങ്ങുപെട്ടകത്തിന്നകത്താക്കി
ഒട്ടുകൊണ്ടുപൊതിഞ്ഞൊരുപട്ടരച്ചൻപുറപ്പെട്ടു
പട്ടരച്ചപ്രാണികളുള്ളകെട്ടിലെന്തെങ്ങരയ്ക്കുമ്പോൾ
കെട്ടിലെന്താകച്ചകിച്ചുളനാക്കെന്നോമലയാളി?
കിട്ടുവാനൊന്നാടശേഷംകെട്ടുപോച്ചേഎന്നാചെപ്പായ്
ഇങ്ങൂംപ്പൂർഅസുരൻവന്നെട്ടുനാളാച്ചുതേഅയ്യോ

Digitized By Kerala Sahitya Akademi

ശത്രുപോനാലെന്നാകാൎയ്യംശെത്തദ്ദൂരംവഴിവന്നേൻ
പടയിൽപട്ടരക്കെന്നൊചോദ്യമെന്നാ?ങ്ങറിയാമൽ
ഇടയിൽവന്നകപ്പെട്ടേൻഗ്രഹചാരങ്ങളിനാലെ
ഇങ്ങിനെയങ്ങൊരുദിക്കിൽഒരുഘോഷമതുനേര-
മെങ്ങിനേഞാനിവയെല്ലാമുള്ളവണ്ണംപറയേണ്ടു;
സൂൎയ്യവംശത്തിലുംപിന്നെസോമവംശത്തിലുമുള്ള
ഭൂമിപാലന്മാരശേഷംപടയ്ക്കങ്ങുപുറപ്പെട്ടു
കുന്തിഭോജൻകാശിരാജൻസിന്ധുരാജൻസിംഹളേശൻ
ദന്തിവ്യോമൻവീരവൎമ്മൻവിന്ധ്യപാലൻവീരപാലൻ
ധീരരാജൻമഹാമല്ലൻനല്ലവല്ലാളഭൂപാലൻ
വല്ലഭേന്ദ്രൻവീരചന്ദ്രൻപിന്നെവീരപ്പനായ്ക്കൻ
മുന്നിലങ്ങുവിളങ്ങുന്നമന്നവന്മാർപടകൂടി
ചെന്നാണഞ്ഞുപിണങ്ങുന്നവെള്ളിഗേഹക്കാരനോടു
പടയുംവെടിയുംനടയുംഇടയുംചിലവെട്ടുകളും
ചിലനീട്ടുകളുംവലകെട്ടുകൾനല്ലചവിട്ടുകൾ
ക്ഷോണിപാലപ്രവരന്മാംസുരാധീശപരന്തന്റെ
ശോണവുമേററമായേററുപടതോററുവില്ലുമററു
ശോണിതങ്ങളണിഞ്ഞങ്ങുചത്തുശേഷിച്ചവർപിന്നെ
നാണമുംകെട്ടൊരുപോലെതാണുവീണുവണങ്ങിനാർ
പ്രാണൻപോനിവരുത്താതെപോണമെന്നുമവൎക്കില്ല
വേണ്ടതെല്ലാംകൊടുത്തോരോരോകോണിലാന്മാരൊളിച്ചൊക്കെ
വാണരെകൊണ്ടാരത്തുകാലംമനുജന്മാരൊരുകൂട്ടം
നാണമില്ലവിഷുവില്ലവേലിയില്ലാവിളവില്ലാ
വാണക്കൂടാവസ്തുവൊന്നുംവാണിഭവുംനസ്തിനായി;
അന്തണൎക്കുജപമില്ലയാഗമില്ലഹോമമില്ല
ഹന്തകഷ്ടം!തപസ്സില്ലാസ്നാനപാനങ്ങളുമില്ല;
എന്തിനിത്രപറയുന്നുവേണ്ടതെല്ലാമസ്തമിച്ചു

Digitized By Kerala Sahitya Akademi

സങ്കടംമന്നാവന്മാൎക്കുചുങ്കമൊന്നുംനടന്നൂടാ
മങ്കമാരൊട്ടുനന്നായികണ്ടുവെങ്കിലസുരന്റെ
കിങ്കരന്മാർവന്നുകേറിപ്പിടിച്ചങ്ങുകൊണ്ടുപോകും;
കാൎയ്യക്കാരന്നുരണ്ടുകാശുകിട്ടാനെളുതല്ല
കാൎയ്യസ്ഥന്മാൎക്കുപിന്നെ,കാൎയ്യക്ലേശവുംവേണ്ടാ
കോയിക്കലെഴുതേണ്ടാവായിക്കുന്നോരുംപക്ഷേ
വായിക്കാൻമടിച്ചങ്ങുകോയിക്കൽനടന്നോച്ചാൽ
സ്ഥായിക്കാർതരമില്ലാഞ്ഞോതിക്കടെദ്വിജന്മാരും
സേവിക്കുന്നതുപോലെസേവിക്കാംനൃപന്മാരെ
അകമ്പടിനടത്തേണംഅടിയനെന്നുരയ്ക്കേണം
അകപ്പെട്ടാലിളയ്ക്കൊലാവല്ലതെന്നാകിലുംചെയ്യാൻ
ഈവണ്ണംവന്നുത്രിഭുവനങ്ങളതുകാലം
കേവലംവനാസുരന്റെദുഷ്ടകൎമ്മംമുടക്കിയാൽ
നാട്ടിലെങ്ങുമൊരേടത്തുംകോട്ടകളങ്കവുമെല്ലാം
കോട്ടക്കാരനൊപ്പിച്ചുപൊറുപ്പിപ്പൂഎന്നുവന്നു
പാട്ടന്നെല്ലങ്ങളക്കേണംമുഷ്കുപാരംതുടങ്ങീടും
പാട്ടോലകൊടുക്കേണംതിങ്ങളിൽതിങ്ങളിൽചെന്നു
കാഴ്ചവച്ചുകണ്ടുകൊണ്ടാൽതങ്ങടേടംപൊറുപ്പിക്കാം
സകലദിക്കുകളെല്ലാംകമലാക്ഷനൊത്തവണ്ണം
സകലഭൂതലമെല്ലാംപാട്ടിലായെന്നതേവേണ്ടു
ഇരിമ്പുമന്ദിരക്കാരൻവിദ്യുന്മാലിയുമപ്പോ-
ളൊരുമ്പെട്ടുപുറപ്പെട്ടുപാതാളമകംപുക്കു
ഉരഗപുംഗവന്മാരെജ്ജയിച്ചുകോഴയുംവാങ്ങി
പരമപൌരുഷത്തോടേസുഖിച്ചാരെന്നതേവേണ്ടു

ഒന്നാംകളം സമാപ്തം.

---

Digitized By Kerala Sahitya Akademi

# ത്രിപുരദഹനമ് രണ്ടാംകളം.

---

ത്രിപുരന്മാരുടെദുഷ്ടചരിതങ്ങൾസഹിയാഞ്ഞു
ത്രിദശരൊടുകൂടെപ്പുറപ്പെട്ടുദേവരാജൻ
വിരിഞ്ചനുംസുരന്മാരുംസിദ്ധവിദ്യാധരന്മാരും
തരംചേൎന്നസുരസ്ത്രീകളെന്നുവേണ്ടാഖേചരന്മാർ
ഒരുമ്പെട്ടുവിരവോടേപയസാംഭോനിധിതീരേ
നിന്നങ്ങുമുകുന്ദനെസ്തുതിചെയ്താരത്തുകാലം.
ശേഷതല്പംമുകളേറിപ്പള്ളികൊള്ളുംഭഗവാനീ
ഘോഷമെല്ലാംകേട്ടനേരത്തുണൎന്നുകൌതുകതോടേ
തോഷമുള്ളിൽനിറഞ്ഞേററംകരുണാശാലിയാംദേവൻ
തോഷലേശമകന്നൊരുദേവകളോടരുൾചെയ്തു
"വൈപരമല്ലീസുരന്മാരേ!മുനിമാൎക്കുംഭവാന്മാൎക്കും
വൈരമേറുന്നസുരന്മാർദ്ദൂരവേവാഴവോരല്ലീ?
വീരനായവാസവന്റെകരത്തിൽവജ്രമെപ്പോഴും
ഘോരമായിവിലസുമ്പോൾഭയത്തിനെന്തവകാശം?
ശുക്രശിഷ്യാദികളുടെവിക്രമങ്ങളൊരിക്കലും
ശക്രലോകങ്ങളിലെല്ലാംഫലംചെയ്വാനെളുതല്ലാ;
വിക്രമങ്ങൾക്കനുകൂലംവ്യാഴമല്ലോഗുരുഭൂതൻ
വക്രസംസാരങ്ങളൊന്നുംനിങ്ങടെനാട്ടിലില്ലല്ലോ?
ഇന്നുനിങ്ങൾപലർകൂടിവന്നതിൻകാരണമെല്ലാ-
മൊന്നൊഴിയാതുരചെയ്യിൻസുന്ദരീവല്ലഭന്മാരേ?"
എന്നിതെല്ലാമരുളപ്പാടങ്ങുകേട്ടുമുനിമാരും
വന്ദനംചെയ്തുകൊണ്ടേവമുണൎത്തിച്ചുവാൎത്തയെല്ലാം;
"ദേവദേവഹരേമുകുന്ദ!ജഗന്നിവാസനമോസ്തുതേ

Digitized By Kerala Sahitya Akademi

ദേവവൈരികൾവന്നുനമ്മുടെനാടശേഷമടക്കിയേ
ഏവനാംബതശക്തിയില്ലതടുപ്പതിന്നതുകാരണം
കേവലംകരുണാനിധേ!ശരണംഭവാൻ!ശരണംഭവാൻ!
താരകാസുരമക്കളാകിയമൂന്നുപേരമരാരിമാർ
നേരുകേടുകൾകാട്ടുവാൻവിരുതോടുകൂടിനടക്കയും
പാരിടത്തിലുമംബരത്തിലുമങ്ങുസർപ്പഗൃഹത്തിലും
പാരമുണ്ടുമലിത്തരങ്ങൾമനസ്സുമുട്ടിമഹാമതേ!
കോട്ടകൊണ്ടുനടന്നതെങ്ങളുടെനാട്ടകംവകയാക്കിയേ
ചേട്ടകൾക്കൊരുകോട്ടമില്ലൊരുക്രൂരമിങ്ങനെതീർന്നതേ
ജ്യേഷ്ഠനാകിയതാരകാക്ഷനമർത്ത്യലോകമടക്കിനാൻ
നാട്ടുകണ്ടകസോദരൻകമലാക്ഷനൂഴിമുടിക്കയും.
രണ്ടുപേരുടെതമ്പിയാകിയതണ്ടുതപ്പിമഹാശഠൻ
കണ്ടതൊക്കെമുടിപ്പതിന്നരവങ്ങൾനാട്ടിൽനടക്കയും
പണ്ടുതങ്ങളിവണ്ണമുള്ളൊരുസങ്കടങ്ങളൊരിക്കലും
കൊണ്ടൽവർണ്ണ!സഹിച്ചുവെന്നൊരുകേട്ടുകേളിയുമില്ലഹോ!
ദുർജ്ജനത്തെനിവർത്തിവെച്ചുവരംകൊടുത്തുപുലത്തുവാ–
നിജ്ജനത്തിലൊരുത്തനുണ്ടതുകുററമല്ലിതുവന്നുപോം
ഇജ്ജഗത്തുനശിക്കുമെങ്ങുകൊടുത്തതിലെങ്കിലതോർക്കയാൽ
ഇജ്ജളർക്കുവരംകൊടുത്തുതരംകൊടുത്തുജഗത്രയം
അപ്പുരത്രയമപ്പൊഴെത്രയുമപ്രിയത്തെവരുത്തുവാൻ
ചെപ്പടിച്ചുപൊടിക്കിലോചിലചെപ്പടിക്കുതരംകെടും
അല്പമില്ലൊരുകെല്പുമിപ്പരിഷയ്ക്കുചിൽപ്പുരുഷോത്തമ!
ഭക്തവൈരിഖഗവാനംപക്ഷപാതംതുടങ്ങുന്ന
ശിക്ഷവന്നുപുരന്മാർക്കുരക്ഷവന്നവഴിപോലെ
[illegible]ക്ഷണനെന്റെസേവകന്മാർകാൽക്ഷണംപോലിളയ്ക്കാതെ
ക്ഷകർമ്മംചെയ്യുന്നതെല്ലാമിക്ഷണംചെയ്കയേവേണ്ടു
ക്ഷചെയ്യേണ്ടവർതന്നെഭക്ഷണത്തിന്നൊരുമ്പെട്ടാൽ

Digitized By Kerala Sahitya Akademi

കുക്ഷിമാത്രം പൊറുപ്പിപ്പാൻ ഭിക്ഷകൊണ്ടുമെളുതല്ലാ
യക്ഷികൾക്കുമക്ഷികൾക്കും പക്ഷികൾക്കും കക്ഷികൾക്കും
ത്ര്യക്ഷനല്ലോ രക്ഷശിക്ഷാപ്രക്രിയകൾക്കേകനാഥൻ
ഇക്ഷൂചായാന്തകൻ തന്നെ പക്ഷപാതം തുടങ്ങുമ്പോൾ
രൂക്ഷതയ്ക്കുമിങ്ങു രണ്ടുപക്ഷമില്ലാ പുരന്മാർക്ക്
കഷ്ടമിന്നീയജമാനന്മാരുമെല്ലാം പലപക്ഷം
ദുഷ്ടതയ്ക്കു തുടങ്ങുമ്പോൾ ഇഷ്ടമാകും ചിലർക്കൂടെ
അഷ്ടിനന്നായ് കഴിച്ചുംകൊണ്ടേഷണിക്കുനടക്കുന്നോ
യഷ്ടികളുമതിൽ തന്നെ പലരുണ്ടെന്നറിഞ്ഞാലും!
ഇഷ്ടമല്ലാത്തവരെക്കൊണ്ടെത്രക്കൂട്ടം ദൂഷണങ്ങൾ
ഇഷ്ടസേവന്മാരുതന്നെ നിന്നുകെട്ടിച്ചമയ്ക്കുന്നു
കഷ്ടകാലം നമുക്കെല്ലാമെന്നുമാത്രം പറഞ്ഞേതക്കാ-
മിഷ്ടമെല്ലാം പറഞ്ഞുകൊണ്ടരികിൽ വന്നവരെല്ലാം
ഇഷ്ടബന്ധുക്കളെന്നത്രേ ദേവരാജാവിൻ ഭാവം
ദുഷ്ടരുമുണ്ടതിൽ തന്നെ ശിഷ്ടരുമുണ്ടതിൽ തന്നെ
സ്പഷ്ടമായിട്ടറിയാഞ്ഞാൽ നഷ്ടമായി ഭവിച്ചേക്കും
വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടെന്നപോലെ
മേളമേറും പ്രഭുക്കന്മാരെന്ന ഭാവം ചിലർക്കുണ്ട്
വാളുവെട്ടും [illegible]ടപ്പോരാം ശൌര്യവുമാളടിയാരും
കേളിമന്നിട[illegible]യെല്ലാം ഉള്ളവരെത്രയും തുഛം
കേളികേട്ടപ്പൂരുഷകലാസൂയകൊണ്ടേ ഭീരുക്കൂട്ടം
താളമൊന്നു പിഴപ്പിപ്പാൻ തരം നോക്കി നടക്കുന്നു
എനിക്കത്രേ രാജ്യമെന്നും എനിക്കത്രേ രാജ്യമെന്നും
നിനച്ചേറ്റം തെളിയുന്നു തനിച്ചു ബുദ്ധിമാന്മാരും
തനിക്കിത്ര ബലമുണ്ടെന്നൊരിക്കലും നിനയ്ക്കാതെ
മെനക്കെട്ടങ്ങിരിക്കുമ്പോൾ കനക്കേടും ഭവിച്ചേക്കും
ഉറക്കത്തിൽ പണിയ്ക്കുത്തമമൊരുത്തർക്കും വരത്തില്ല

Digitized By Kerala Sahitya Akademi

കരുത്തൻഞാനെന്നുതന്നേവരുത്തേണമെന്നുവന്നാൽ
ഗുരുത്വംവേണമല്ലാഞ്ഞാലൊരുത്തനുമെളുതല്ല;
ജഗത്തിന്നുംനഗത്തിന്നുംമൃഗത്തിന്നുംഖഗത്തിന്നും
സുഖത്തിന്നുംനഖത്തിന്നുംഇടത്തിന്നുംവലത്തിന്നും
മരത്തിന്നുംതരത്തിന്നുംശിവത്തിന്നുംജപത്തിന്നും
ഇരിമ്പിന്നുംതുരുമ്പിന്നുംവരമ്പിന്നുംഞരമ്പിന്നും
ജഗത്തിലുള്ളവസ്തുക്കൾക്കൊക്കവേകാരണഭൂതൻ
സമസ്തംനിൻതിരുവടിഎന്നുഞങ്ങളറിയുന്നു
സ്ഥാവരംജംഗമംവിഷ്ണുദേവനാരായണസ്വാമി!
കേവലാത്മസ്വരൂപനീദേവകൾക്കുതുണയ്ക്കണം
നാട്ടുപ്പാട്ടെനശിക്കുമ്പോൾചൂട്ടുതട്ടുംമനക്കാമ്പിൽ
ഓടിവന്നിപ്രദേശത്തുപാട്ടുപാക്കൾഞങ്ങളെല്ലാം
കൂടെവന്നുഭവാനിപ്പോൾകൂടലരെക്കൊലചെയ്യും
കേട്ടതീരുമ്പോളിക്കൂട്ടംനാട്ടുവാഴുംവഴിപോലെ
ഓട്ടുമപ്പോളസുരന്മാരോട്ടുമപ്പോളടിയങ്ങൾ
നാട്ടുമപ്പോൾഭരിച്ചീടുംകൈടഭാരേ!ധരിച്ചാലും!
കൂടവേകൂടവേകണ്ടാൽകൂടെഞങ്ങൾക്കൊരിക്കലും
പ്രൌഢതയ്ക്കുംകുറവില്ലമൂഢതയ്ക്കുംകുറവില്ല
ഒന്നുകണ്ടാലറിയാത്തകൂട്ടമായിത്തീർന്നുഞങ്ങൾ
വന്നുകണ്ടാലാവലാതിയുണർത്തിപ്പാൻശക്തിയില്ല
എന്നുവേണ്ടാമിടുക്കന്മാരെന്നുഭാവംചിലർക്കുണ്ടു
നിന്നുകൊണ്ടങ്ങുരചെയ്യാനെന്നിയേകൊള്ളരുതാരും
നാട്ടിലെങ്ങുമനൎത്ഥങ്ങളൊട്ടുമില്ലാത്തകാലത്തി-
ക്കൂട്ടമെത്രസമൎത്ഥന്മാർവലിപ്പമങ്ങിനെതന്നെ
പെട്ടകംകട്ടകംകുട്ടിപ്പട്ടരുംവാലിയക്കാരും
പെട്ടിയുംകട്ടിലുംവട്ടംകൂട്ടിനപൊന്നുറവാളും
വഞ്ചിയുംസഞ്ചിയുംവെള്ളിക്കാഞ്ചിയുംകാഞ്ചനക്കോപ്പും

Digitized By Kerala Sahitya Akademi

പഞ്ചവുംതഞ്ചവുംകിഞ്ചിൽപുഞ്ചിരികൊഞ്ചലുംകണ്ടാൽ
അഞ്ചുമാറുള്ളഭാവങ്ങളഞ്ചുമാറുള്ളപൊന്മാല
അഞ്ചുമാറുംകളത്രങ്ങൾനെഞ്ചിലേറുംവിനോദങ്ങൾ
ഇക്കണക്കുപറഞ്ഞെന്നാലിക്കഥെയ്ക്കില്ലവസാനം
നീക്കണമെന്നിവയെല്ലാമൊക്കയുംബോധമുണ്ടല്ലൊ
അക്കവികൾശിഷ്യരായിട്ടിക്കരിക്കുതുല്യമായി
കക്കശന്മാരസുരന്മാർധിക്കരിക്കുംമഹാകഷ്ടം
തമ്പുരാനെ! അടിയങ്ങൾസംഭരിച്ചമുതലെല്ലാം
പൊൻപുരക്കാരനുംകൂട്ടംവന്നുകൊണ്ടുകൈക്കലാക്കി;
ഉമ്പർനാട്ടിലുള്ളതെല്ലാം മുമ്പർനാട്ടിലസ്തമിച്ചു
കുംഭകോണേകൃതംപാപംകുംഭകോണേവിനശ്യതി
ഇത്രമാത്രമുണർത്തിക്കാമിതിൽപിന്നെതിരുവുള്ളം
വൃത്രശത്രുപുരംതന്നിൽഭവിച്ചെന്നാൽകിട്ടുമല്ലോ
എത്രതന്നെപറയാവൂദേവകൾക്കെന്തോന്നോണ്ട
ശത്രുചെയ്തോരപരാധംസഹിക്കാഞ്ഞിട്ടുരയ്ക്കുന്നു
ഉററവുംവന്നാകപ്പെട്ടാൽകുററുകാക്കമെളുതല്ല
ഈററപ്പാമ്പിൻവിഷമെല്ലാംപാററകൾക്കുസഹിക്കാമോ
നീററിലുള്ളമുതലകൾചീററിവന്നടുക്കുമ്പോൾ
മാററിയാകുംതവളയ്ക്കങ്ങേററുപോവാനെളുതാമോ
മറെറാരുത്തൻഗതിയില്ലാപ്പുരിഷയ്ക്കെന്നറിഞ്ഞാലും
കുററനേരുംപോററിതന്നെമാററലർക്കുകുററുകാരൻ
തോററുപോയാലേററുവാനുംപററുവാനുംതെററുവാനു-
മററമില്ലാവിധംചെററുംചുററുമെന്നേപറയാവൂ
ചെററുവാട്ടംവരുത്താതെഉററവരേ! തുണയ്ക്കേണം
കുററമുണ്ടെങ്കിലുമിന്നുപൊറുപ്പിക്കേണമേപോററി!"
ദേവകളിത്തരമെല്ലാമാവലാധിപ്രകാരങ്ങൾ
ദേവനോടങ്ങുണർത്തിച്ചുകേവലംനിന്നൊരുശേഷം

Digitized By Kerala Sahitya Akademi

സേവകന്മാരുടെപീഡാഭാവമെല്ലാംകാൺകമൂലം
ഭാവമൊന്നുപകർന്നോരംദേവദേവനരുൾചെയ്തു
"ഞാനൊരുത്തൻനിരൂപിച്ചാലിതിനുപോംവഴിയില്ല
ദാനവന്മാരുടെബന്ധുപാർവ്വതീവല്ലഭനല്ലോ;
ഭിന്നഭാവംകളഞ്ഞാലുമുപായങ്ങളുണ്ടുതാനും
ഹാനിനിങ്ങൾക്കൊരുനാളുംഞാനിരിക്കെബ്ഭവിച്ചീടാ;
പോകടോ!നാംമടിയാതെപാർവ്വതീകാന്തനെക്കാണ്മാൻ
ശോകമെല്ലാംശമിപ്പിക്കുംലോകനാഥൻചന്ദ്രചൂഡൻ
ആകുലപ്പെട്ടവർക്കെല്ലാമേകബന്ധുദയാസിന്ധു
ലോകസൃഷ്ടിസ്ഥിതിധ്വംസക്രിയകൾക്കുംഹേതുഭൂതൻ."

പരമപുരുഷനിവണ്ണമൊന്നരുൾചെയ്തുദേവകളോടുടൻ
ഗരുഡഗളമതിലേറിയേറിനമുനിജനങ്ങളുമമരും
പരിചൊടിളകിനപടകളിടവകതുടിതിയാത്രതുടങ്ങിനാർ
രജനികരകലചൂടമീശ്വരനമരമചലകുലോത്തമം
രജതഗിരിവരമമ്പൊടേയവർകണ്ടുകണ്ടുനടക്കയും
രജനിചരകുലശലഭജാലമഹാനലൻകരുണാകരൻ
രജനിപരിണതിവേളയിങ്കലടുത്തുചെന്നുമഹാതടേ
ഇന്ദിരാപതിയാകുമീശ്വരനിന്ദ്രനോടുപതുക്കവേ
മന്ദഹാസരസംകലന്നരുൾചെയ്തുശേഷജനത്തൊടും
"ഇന്നുനിങ്ങളശേഷരുംപുനരിന്ദുചൂഡനെയാദരാൽ
വന്ദനംകനിവോടുചെയ്തുതപസ്സുചെയ്യണമേവരും
നാരദൻമുനിപുംഗവൻപുനരിങ്ങുപോരികപോകനാം
സാരമായൊരുകാര്യമുണ്ടിഹനാമതിന്നുതുടങ്ങുക"
വാരിജാക്ഷനിവണ്ണമൊന്നരുൾചെയ്തുദേവകളോടുടൻ
നാരദന്റെകരംപിടിച്ചുചിരിച്ചുകൊണ്ടുതിരിച്ചുത;
ബുദ്ധികൗശലശീലനാംപുരുഷോത്തമൻഗരുഡധ്വജൻ

Digitized By Kerala Sahitya Akademi

ബൗദ്ധതാപസവേഷമാശുധരിച്ചുബദ്ധകുതൂഹലാൽ
ശുദ്ധമാകുമൊരാൽത്തറപ്പുറമേറിവാണരുളീടിനാൻ
വൃദ്ധനെത്രവയസ്സുചെന്നുനരച്ചുകണ്ണിമകൂടവേ
ക്ഷീരസാഗരവാരിപോലെവെളുത്തുനീണ്ടൊരുതാടിയും
ധാതുവായകഷായവസ്ത്രവുമുത്തരീയവുമങ്ങിനെ
ഭൂരിപിംഗജടാകലാപവുമങ്ങുയോഗപടങ്ങളും
ഘോരമീവകമൂത്തബൗദ്ധനിതെന്നു കണ്ടവർചൊല്ലിനാർ
ബന്ധുവാകിയനാരദൻമുനിശിഷ്യനെന്നുനടിച്ചുടൻ
ഗ്രന്ഥമൊന്നുകരത്തിലാക്കിയഴിച്ചുനോക്കിയിരിക്കയും
എന്തിനിങ്ങനെവായനയ്ക്കുനടപ്പുമില്ലനിനയ്ക്കെടോ
ചിന്തയില്ലപഠിപ്പിലെങ്കിലടിക്കുമെന്നൊരുഭാവവും
വീണയങ്ങരികത്തുവെച്ചുപഠിക്കുമൊട്ടുനടിക്കയും
കാണിനേരമിളക്കിലാഗ്ഗുരുതാഡനങ്ങൾകൊടുക്കയും
ഇങ്ങിനെയൊരുശിഷ്യനുംഗുരുവുംചമഞ്ഞൊരുകൈതവാ-
ലങ്ങുവാണുപുരത്രയംസ്വരുചിക്കുമാൽത്തറമണ്ഡപേ
മൂന്നുലോകമുടൻമുടിച്ചുനടക്കുമപ്പുരദൈത്യരും
മൂന്നുപേരുമൊരായിരംവരിഷംതികഞ്ഞദശാന്തരേ
പോന്നുവന്നുജവേനബോധിമരത്തറയ്ക്കലൊരിക്കലേ
നിന്നുകൊണ്ടഥതമ്മിൽനോക്കിഹസിച്ചുകൊണ്ടവർചൊല്ലിനാർ
"നോക്കെടോ!ഒരുമൂപ്പരിന്നിഹവന്നുകൂടിയതാരെടോ!
നീക്കമില്ലൊരുശാസ്ത്രിയായതുപിന്നെനല്ലൊരുശിഷ്യനും
ബൗദ്ധനെന്നിഹതോന്നുമാകൃതികാൺകിൽപുനരെത്രയും
വൃദ്ധനെത്രനടന്നുവന്നതുമോർക്കിലെത്രയുമത്ഭുതം!"
ഇത്ഥമങ്ങുപറഞ്ഞുകൊണ്ടരികത്തുചെന്നുപുരത്രയം,
വൃദ്ധതാപസബൗദ്ധനോടുരചെയ്തുകൈതവകോവിദം
"ഗ്രന്ഥിയായഭവാനുടേകുലമേതെടോ!ഗൃഹമേതെടോ!
ബന്ധമെന്തിഹവന്നിരിപ്പതിനെന്തുപേരുതനിക്കെടോ?

Digitized By Kerala Sahitya Akademi

ഗ്രന്ഥമെന്തുപുരാണമോ! അഥകാവ്യമോബതശാസ്ത്രമോ?
സിദ്ധപോലെപൊരുത്തവിദ്യയിലേതിലിങ്ങുപരിശ്രമം?”
താരകാത്മജവാക്കുകേട്ടുമുകുന്ദനൊന്നരുളീടിനാൻ
“വീരരാകിയനിങ്ങൾമൂഢരുമത്രവന്നുവസിക്കെടോ
സാരമാകിയബൌദ്ധശാസ്ത്രമിതെത്രയുംപുനരുത്തമം
നേരുതന്നെനിനയ്ക്കിലിന്നിതുകൊണ്ടുവേണമശേഷവും
സാരബുദ്ധിതരിമ്പുമില്ലിഹനിങ്ങൾമൂഢജനത്തിനും
ആരുചൊല്ലിയതപ്രകാരമൊരാഢ്യമുദ്രതുടങ്ങുവാൻ
ചാരമിങ്ങിനെനല്ലമേനിയിലാശുപൂശിയതെന്തെടോ?
വേദമെന്നുപറഞ്ഞതാരിഹനീരസങ്ങൾതുടങ്ങൊലാ
പുസ്തകങ്ങളിലൊന്നിലുംപുനരിത്തരംവിധിയില്ലെടോ
വസ്തുബോധവുമില്ലനിങ്ങടെനാട്ടിലെങ്ങുമിതെന്തെടോ ?
വിസ്തരിച്ചുപറഞ്ഞുകേൾക്കണമെങ്കിലിന്നുമഹോത്സവം
പുസ്തകങ്ങളിലുള്ളതൊക്കെമനസ്സിലുണ്ടുനമുക്കെടോ!
കാമവുംപുനരർത്ഥവുംപുരുഷാർത്ഥമിങ്ങിനെരണ്ടെടോ!
ഭൂമിവെള്ളവുമഗ്നിവായുവുമെന്നുനാലിഹഭൂതവും
മോക്ഷമെന്നൊരുവസ്തുവില്ലതിനാരുസാക്ഷിയതോർക്കണം
കാൽക്ഷണംകളയാതെനല്ലസുഖങ്ങളൊക്കെവരുത്തണം;
ഭള്ളുകാട്ടിഞെളിഞ്ഞിരുന്നുതപസ്സുചെയ്തുവിശന്നുതാ
നുള്ളകാലമൊടുക്കുവാൻവിടുഭോഷനെന്നിയെതോന്നുമോ?
വെള്ളവെറ്റിലജാതിപത്രികപാക്കുതുക്കുപുകേലയും
ഉള്ളനാളിലിളയ്ക്കൊലാചിതമല്ലിതെന്നുനിനയ്ക്കൊലാ,
കുങ്കുമംപനനീരുചന്ദനമങ്കനാദിവിഹാരവും
ശങ്കവേണ്ടമനക്കരുന്നിലൊരിക്കലുംപുരവീരരേ!
ശങ്കരപ്രിയമെന്നുചൊല്ലിനിനച്ചുശിങ്കുകളിക്കൊലാ
എങ്കിലൊന്നുധരിക്കണംശിവനെന്നൊരീശ്വരനില്ലെടോ!
എങ്കൽനിന്നുധരിച്ചുകൊൾകസമസ്തശാസ്ത്രവുമിപ്പൊഴേ,

Digitized By Kerala Sahitya Akademi

അമ്പിളിക്കലചൂടുവോൻമലരമ്പനെക്കൊലചെയ്തവൻ
തുമ്പമാലയണിഞ്ഞവൻപലപാമ്പുകൊണ്ടുചമഞ്ഞവൻ
ഇത്തരംപലരുംപറഞ്ഞതുഭോഷ്കുതന്നെയതിന്നഞ്ഞാ–
നന്തരംപറയുന്നനേരമൊരുത്തനങ്ങറിയാട്ടമോ?"

മാധവന്റെവചനങ്ങൾകേട്ടനേരംത്രിപുരന്മാർ
ക്രോധമോടെകണ്ണുരുട്ടിമിഴിച്ചുനിന്നുരചെയ്തു.
"സാധുവായഭഗവാനെദൂഷിക്കുന്നതെന്തെടാമൂഢാ
ബോധിവൃക്ഷത്തറമേൽനിന്നിറങ്ങിപ്പോകവൈകാതെ
വൃദ്ധനായബൌദ്ധനേതുംശുദ്ധിയില്ല;ബുദ്ധിയില്ല
മുഗ്ദ്ധചന്ദ്രചൂഡനെകൊണ്ടബദ്ധങ്ങൾപറഞ്ഞെന്നാൽ
ഭക്തരായഞങ്ങൾകേട്ടാൽക്ഷമിക്കില്ലെന്നറിഞ്ഞാലും
ഭക്തിമുക്തിപ്രദൻസാക്ഷാൽജഗന്നാഥൻമഹാദേവൻ
ശങ്കരൻപാർവതീകാന്തൻകാമവൈരികാലകാലൻ
തിങ്കൾമൌലീകാളകണ്ഠൻഞങ്ങടെതമ്പുരാനെല്ലോ
ദോഷവാക്കുപറഞ്ഞെന്നാൽനാക്കുഖണ്ഡിച്ചുപോമിപ്പോൾ
ഭോഷനായമൂത്തബൌദ്ധ!നടക്കശിഷ്യനുംതാനും
ദോഷവാക്പറഞ്ഞാലുംനിനച്ചാലുംശ്രവിച്ചാലും
ദോഷമുണ്ടെന്നറികനീമൂഢനേതുംബോധമില്ല;
പത്തുനൂറുവയസ്സായിട്ടൊരുവസ്തുതിരിയാത്ത
മൂത്തമാപ്പിളയ്ക്കുചാകാൻ മനസ്സില്ലാത്തതെത്രകഷ്ടം
കൃത്തിവാസസ്സിനേക്കൊണ്ടുദൂഷിച്ചെന്നാലിന്നുതന്നെ
മൃത്യുനിങ്ങൾക്കിരുവർക്കുമെടുത്തുസംശയമില്ല"
ഇപ്രകാരംകയർക്കുന്നാപുരന്മാരോടുരചെയ്തു
സുപ്രസന്നാനനൻദേവൻമുകുന്ദൻമന്ദമീവണ്ണം;
"മുപ്പുരന്മാർക്കിതുകേട്ടാലെന്തുബന്ധംമനക്കാമ്പിൽ
അപ്രിയംസംഭവിപ്പാനെന്തുചൊല്ലാംപരമാർത്ഥം

Digitized By Kerala Sahitya Akademi

ഗാത്രവും ശ്രോത്രവും പിന്നെ നേത്രവും ജിഹ്വയും ഘ്രാണം
പാൎത്തു കണ്ടാലിവയഞ്ചുമിന്ദ്രിയങ്ങളറിഞ്ഞാലും
അഞ്ചുകൊണ്ടും ശിവനുണ്ടെന്നറിവാനിന്നൊല്ലതല്ലാ
പഞ്ചഭൂതാത്മകമായ ദേഹവും ദേഹിയുമില്ല;
കുതിരയ്ക്കു രണ്ടു കൊമ്പുണ്ടെന്നൊരുത്തൻ പറഞ്ഞെന്നാൽ
അതു തന്നെ വിശ്വസിച്ചാൽ കണക്കുണ്ടോ പുരന്മാരേ?
മതി കൊണ്ടു വിചാരിച്ചു ത്യജിച്ചാലും മോഹമെല്ലാം
പത്താവിന്റെ പ്രസാദത്തെ വരുത്താമെന്നു ചൊല്ലീട്ട്
ചാത്തമൂട്ടുന്നതും പിന്നെപ്പാഴിലെണ്ണധരിച്ചാലും
കൊറ്റൊരുത്തൻ വഴിപോലെ കഴിച്ചെന്നാലതുകൊണ്ടു
മറ്റൊരു മാനുഷൻ തന്റെ വിശപ്പു തീരുമാറുണ്ടോ?
കാറ്റു തട്ടി വിളക്കങ്ങു കെട്ടുപോയാലതിൽ പിന്നെ
ആറ്റലോടെ വെളിച്ചെണ്ണ പകർന്നാൽ കത്തുമാറുണ്ടോ?
ജീവനോടെ വസിക്കുന്ന കാലമെല്ലാം ഭവിച്ചിട്ടും
കേവലം മാനുഷർക്കു ദുഷ്കൃതവും സുകൃതവും
ജീവനാശം വന്നുപോയാലൊരു വസ്തു പിന്നെയില്ലാ
ദേവലോകപ്രാപ്തിയെന്നു പറവതും ഭോഷ്കുതന്നെ
പട്ടിപോലെ വിശന്നോരോ കോട്ടിലെല്ലാം നടന്നല്പം
കിട്ടിയ തണ്ഡുലം കൊണ്ടു വീട്ടിൽ വന്നങ്ങൊരു നേരം
പൊട്ടിയോരു കലം തന്നിലിട്ടു വെള്ളം പകർന്നേവം
ഒട്ടുവെന്താൽ വാങ്ങിവെച്ചു പട്ടകഞ്ഞി കുടിച്ചിട്ടു
കുട്ടികൾക്കും കൊടുത്തേതും കൂട്ടുവാനില്ലായ്കമൂലം
പട്ടിണി പ്രായമായുള്ള കഷ്ടകർമ്മമനുഭവി-
ച്ചൊട്ടുകാലം ധരിത്തിൽ പാട്ടിലാകും മനുജന്റെ
സ്പഷ്ടമായിട്ടിഹലോകചേഷ്ടിതങ്ങൾ കണ്ടുകൊൾവിൻ
അത്രയുമല്ലിനിച്ചൊല്ലാം ചിത്രമായ വിശേഷങ്ങൾ
മാത്രമൈശ്വര്യമുണ്ടെന്നാൽ ധാത്രിയിലീശ്വരൻ തന്നെ

Digitized By Kerala Sahitya Akademi

സൂൎയ്യനെന്നിയേമറ്റുദൈവമില്ലാനമുക്കിപ്പോൾ
കാൎയ്യംഞാൻപറയുന്നേൻനേരുകേട്ടെന്നതോന്നാണ്ട
ആൎയ്യസ്വാമിയായുള്ളചാൎവ്വാകഭഗവാന്റെ
സാരമാംമതംതന്നെമിതമെന്നുധരിച്ചാലും
കാണുന്നവസ്തുവെല്ലാംപരമാൎത്ഥംജഗത്തിങ്കൽ
കാണാത്തവസ്തുവെല്ലാംഭോഷ്കുതന്നെപൗരന്മാരേ!
വേണംസ്വൎഗ്ഗമെന്നെല്ലാംനിരൂപിച്ചുതപംചെയ്യാ-
ല്ലൂണംനാസ്തിയാമല്ലാതൊരുവസ്തുവരത്തില്ല,
ന്നോറുംകൊണ്ടൊരുക്രൂരംതാപസന്മാർവനംതോറും
കാററടികൊണ്ടിരിക്കുന്നുകൊററിനില്ലായ്കകൊണ്ടത്രെ
മാററികൾക്കിന്നിതല്ലാതെചെറുമുറുംഫലമില്ല;
ക്രൂരകാൎമ്മമാൎക്കില്ലാദുരിതംകണ്ടുകൊണ്ടാലും
മോഹങ്ങൾതുടങ്ങാതെദേഹങ്ങൾഭരിക്കേണം
ദേഹങ്ങൾനശിക്കുമ്പോൾദേഹികൾക്കുംകൂടെനാശം
ആഹാരംകഴിച്ചുംകൊണ്ടാഹാ!യെന്നിരിക്കേണം
സ്നേഹിക്കുംജനങ്ങളിൽസ്നേഹവുംഭവിക്കേണം
ശിവനെന്നുംവിഷ്ണുവെന്നുമിവചിന്തിച്ചിരുന്നെന്നാൽ
അവരെക്കൊണ്ടൊരുകാൎയ്യംഭവനാശികൾക്കില്ല
കയ്യിൽപുണ്ണിനിന്നുപിന്നെക്കണ്ണുടയുംകൂടെവേണോ?
കയ്യിൽഗ്രന്ഥമുണ്ടല്ലോപഠിപ്പിക്കാംവേണമെങ്കിൽ
അയ്യോനിങ്ങടെജന്മംപാഴിലായെന്നതേവേണ്ടു
പൊയ്യല്ലേപറയുന്നുശാസ്ത്രബോധംചെറുമില്ല,"
ഈവണ്ണംപലവാക്കുകേട്ടപ്പോൾപൗരന്മാൎക്കു
ദൈവമില്ലെന്നുകിഞ്ചിൽബോധംവന്നുഭവിച്ചു
ദേവന്റെകപടങ്ങളേവംമാനസതാരിൽ
മൂഢൎക്കുംദൃഢമായഭാവത്തെമറിക്കുന്ന
നീചന്മാരത്തുനേരമെഴുന്നോരുവഴിപോലെ

Digitized By Kerala Sahitya Akademi

ആഘോരംചെയ്തുനിന്നുത്രിപുരന്മാർഭക്തിയോടെ
"ശാസ്ത്രങ്ങളടിയങ്ങൾക്കത്രമാത്രംഗ്രഹിക്കേണം
ശാസ്ത്രിയാംഭവാൻതന്നെഗ്ഗുരുഭൂതനിനിമേലിൽ"
ത്താരകന്റെതനയന്മാരിപ്രകാരമുണത്തിച്ചു
ദ്ദൂരെനിന്നുകരംകൂപ്പിശിഷ്യഭാവംനടിച്ചപ്പോൾ;
നാരദന്റെകരത്തിന്നാഗ്രന്ഥമമ്പോടുമേടിച്ചു
താരകാക്ഷനുടെകയ്യിൽകൊടുത്തുബുദ്ധയോഗീന്ദ്രൻ;
പുരന്മാർക്കുംമനക്കാമ്പിൽബോധമുണ്ടാകുവാനുള്ള
പരീക്ഷയ്ക്കായതുനേരമരുൾചെയ്തുപത്മനാഭൻ
പുരന്മാരേ!കണ്ടുകൊൾവിൻ!നമ്മുടെശാസ്ത്രമാഹാത്മ്യം
പരമാർത്ഥംകണ്ടതെല്ലാമസത്യംകാണാത്തതെല്ലാം;
ഇല്ലെന്നുഞാൻപറഞ്ഞാലില്ലെന്നുവരുംതാനും
ഉണ്ടെന്നുഞാൻപറഞ്ഞാലുണ്ടെന്നുവരുംതാനും
കണ്ടാലുമെന്നരുളീതണ്ടാർമാനിനീകാന്തൻ;
കിണ്ടിതന്നിലെവെള്ളംകൊണ്ടങ്ങുതളിച്ചപ്പോൾ
പണ്ടേയുള്ളരയാലുംഭസ്മമായിച്ചമഞ്ഞുതേ
ഉണ്ടെന്നാങ്ങരുൾചെയ്തുപിന്നെവെള്ളംതളിച്ചപ്പോൾ
കണ്ടുവന്മരമായൊരരയാലുംവന്നുപൊങ്ങി;
നീചരാകുംത്രിപുരന്മാർക്കുറച്ചുസത്യമെന്നെല്ലാം
സാരമായബൌദ്ധശാസ്ത്രംപഠിപ്പാനങ്ങൊരുമ്പെട്ടു,
മുപ്പുരന്മാരതുനേരംബൌദ്ധശാസ്ത്രങ്ങളെയെല്ലാം
അല്പകാലംകൊണ്ടശേഷംപഠിച്ചുദക്ഷിണചെയ്തു;
കെല്പിനോടെശിവനില്ലാശിവനില്ലെന്നൊരുപോലെ
എപ്പൊഴുംനിന്നുരചെയ്തുശിവലിംഗമുപേക്ഷിച്ചു
നല്ലരുദ്രാക്ഷവുംപിന്നെക്കല്ലുകൊണ്ടുപൊടിച്ചാശു
വല്ലഭന്മാർപുലിത്തോലുംകീറിദ്ദൂരത്തുപേക്ഷിച്ചു
ഉത്തമാംഗേവിളങ്ങുന്നജടാഭാരങ്ങളെയെല്ലാം

Digitized By Kerala Sahitya Akademi

കത്തിയമ്പുകൊണ്ടശേഷംചിരച്ചുദുഷ്ടരന്നേരം
മേനിതന്നിലണിഞ്ഞൊരുചാരമെല്ലാംതുത്തുവാരി
സ്നാനവുംചെയ്തൊരുപോലെമൂന്നുപേരുംവന്നിരുന്നു
മാനമേറുന്നനുജന്മാർമോടികൂട്ടിവഴിപോലെ
മാനിനിമാരൊടുകൂടികോട്ടപൂക്കസമർത്ഥന്മാർ
കച്ചമുണ്ടുഞൊറിഞ്ഞുടുത്തു
ചേച്ച്യുണ്ടതിന്നെന്നരത്തു;
പച്ചമുക്കിനകച്ചകൊണ്ടതിമെച്ചമാകിനകോപ്പുടുത്തു
കൂട്ടുകറികളരച്ചണിഞ്ഞു
നാട്ടുപുഴുവുമെടുത്തണിഞ്ഞു
പട്ടുപുടവകളോടുപലവകകെട്ടിയങ്ങൊരുവിധമണിഞ്ഞു
ചന്ദ്രകാവിവളച്ചുകെട്ടി
ചന്ദ്രകാന്തികളേറവുതട്ടി
ചന്ദനംപുനരിന്ദുചൂർണ്ണവുമെന്നുവേണ്ടവിധങ്ങൾകൂട്ടി;
മല്ലികാമലർമാലചൂടി
നല്ലനല്ലസുഖങ്ങൾതേടി
ഈവിധങ്ങൾനടിച്ചുംകൊണ്ടസുരന്മാർമൂന്നുപേരും
ശൈവനാമംമറന്നാശ്രുമദിച്ചാരെന്നതേവേണ്ടു
ദേവദേവൻപത്മനാഭൻമറഞ്ഞുമെല്ലവേചെന്നു
ദേവവൃന്ദങ്ങളിൽകൂടിതപംചെയ്തുവാണരുളീ;
വൃഷ്ണിക്കാരനായുള്ളമുനിശ്രേഷ്ഠൻപുറപ്പെട്ടു
ഭീഷണികളിവയെല്ലാംശംഭുതന്നോടറിയിപ്പാൻ;
ഘോഷരായത്രിപുരന്മാക്കെടുത്തനാശമെന്നോത്തു
തോഷമോടങ്ങുകൈലാസപർവ്വതത്തിൻമുകളേറി
തുമ്പയുംചാമ്പലുംപാമ്പുംഅമ്പിളിഗംഗയുംചൂടും
തമ്പുരാന്റെപുരംതന്നിലിമ്പമോടെചെന്നുകേറി
നിന്നനേരംചന്ദ്രചൂഡൻമന്ദമൊന്നങ്ങരുൾചെയ്തു

Digitized By Kerala Sahitya Akademi

“വന്നിതോതാപസശ്രേഷ്ഠൻനന്നുവന്നിങ്ങിരുന്നാലും!
ഇന്നെനിക്കുവിനോദങ്ങളൊന്നുമില്ലാഞ്ഞിരിക്കുന്നു
വന്നകാര്യംപറഞ്ഞാലുംനിന്നുകാലുംകുഴയേണ്ടാ
എന്നുടെമുമ്പിലാമ്മാറങ്ങിരുന്നാലുംവഴിപോലെ
നിന്നുടെവാക്കുകൾകേൾപ്പാൻപാർവ്വതിക്കാഗ്രഹംപാരം
ഒന്നുനമ്മോടറിയിപ്പാൻവന്നുവെന്നിങ്ങുതോന്നുന്നു
ഒന്നുകൂടാതൊരിക്കലുംകാണുമാറില്ലെടോതന്നെ”
എന്നിതെല്ലാമരുളപ്പാടങ്ങുകേട്ടുമുനിശ്രേഷ്ഠൻ
വന്ദനംചെയ്തുകൊണ്ടേവമുണർത്തിച്ചുവാർത്തയെല്ലാം;
“ചന്ദ്രചൂഡാ!ഭഗവാനേ!വന്നകാര്യമുണർത്തിക്കാം
ചന്ദനമെന്നോർത്തുവൃക്ഷംകാഞ്ഞിരമാസ്സനിതിപ്പോൾ
മാലയെന്നുനിനച്ചേവംവിശ്വസിച്ചവസ്തുവെല്ലാം
കാലസർപ്പങ്ങളുമായികാലദോഷത്തിന്റെമൂലം
ഇത്രനാളുംഭക്തരായിനടന്നോരു ത്രിപുരന്മാർ
എത്രയുംഭഗവാനെ ദൂഷിക്കുന്നുകശ്മലന്മാർ
അക്ഷസൂത്രംശിവലിംഗംവ്യാഘ്രചർമ്മമിവയെല്ലാം
രക്ഷയുംതൽക്ഷണംദൂരത്തുപേക്ഷിച്ചുകശ്മലന്മാർ
ശിവനെന്നുള്ളനാമത്തെക്കേട്ടുകൂടാതൊരിക്കലും
ശിവനില്ലാൾശിവനില്ലെന്നോർത്തുപോലെജപിക്കുന്നു
ഒരുകൂട്ടംബൌദ്ധശാസ്ത്രമുള്ളവാക്കിവഴിപോലെ
ഗുരുവായിട്ടൊരുവിദ്വാൻതാനിരുന്നുപഠിപ്പിച്ചു
ഒരുമെട്ടുത്രിപുരന്മാർമറന്നുനിൻചരിതങ്ങൾ
ധൃഷ്ടതയ്ക്കുവിരുതുള്ള ത്രിപുരന്മാരുടെകൂട്ടം
കഷ്ടമെന്തോപറയാവൂ! കാലകാല!ഭഗവാനേ!”
നാരദന്റെവചനങ്ങൾകേട്ടനേരംഘോരഘോരം
മാരഹന്താവുടെഭാവംപകർന്നുകാണായിവന്നു;
വികടനിടിലതടത്തിലേററം

Digitized By Kerala Sahitya Akademi

ഭ്രുകുടിവടിവിലുയൎന്നുവന്നു
ചടുലമുടലുമുടൻവളൎന്നു
ഝടിതിനയനമുടൻചുവന്നു
ഝടിതിസുരനദിതന്നിലേന്തും
തിരകളിളകിമറിഞ്ഞുലഞ്ഞും
കടകഭുജഗമുണൎന്നിരുന്നു
കഠിനവിഷനികരംചൊരിഞ്ഞു
തുടകളിടയുമുടൻകലുങ്ങീ
തുടയിൽഗിരിമകളുംനടുങ്ങി;
അന്തകാന്തകനാകുമീശ്വരനന്ധകാസുരനാശനൻ
അന്ധരാമസുരത്രയത്തെയെരിച്ചുഭസ്മമതാക്കുവാൻ
ചിന്തതന്നിലുറച്ചുകൊണ്ടുകഠോരമായകുഠാരവും
ചന്തമേറിനശൂലവുംകരതാരിലാക്കിമഹേശ്വരൻ
സിന്ധുമൌലിഭുജംഗഭൂഷണനെത്രയുംബഹുതേജസാ
ശങ്കരൻറെരൂപഭേദപ്രൌഢികണ്ടുഭൂതവൃന്ദം
സംഭ്രമിച്ചുസൎവ്വരുമങ്ങൊത്തുകൂടിയതുനേരം
ഭൃംഗിരിടിതുംഗകേതുഭൃംഗിയുംഭൃഗനുംപിന്നെ
കൂശ്മവണ്ണൻലോകകണ്ണൻജംബുകീടൻവ്യാഘ്രകേശി
വീരനാകുംവീരഭദ്രൻവീരസിംഹോദരൻതാനും
അരിതാരമരച്ചാശുമുഖത്തുതേച്ചൊരുകൂട്ടം
അരികൊണ്ടുംകരികൊണ്ടുംവരച്ചുകൊണ്ടൊരുകൂട്ടം
മരത്തിൻറെതോലുകൊണ്ടങ്ങുടുത്തുംകൊണ്ടൊരുകൂട്ടം
നൂറുംമഞ്ഞളുംകൂട്ടിയണിഞ്ഞുകൊണ്ടൊരുകൂട്ടം
ആറുമമ്പതുംകൂടേകെട്ടുപെട്ടങ്ങൊരുകൂട്ടം

ഇത്തരംപലവേഷമങ്ങുചമഞ്ഞുഭൂതഗണങ്ങളും
സത്വരംപലവാക്കുതമ്മിലുരത്തുകൊണ്ടുരസിക്കയും,

Digitized By Kerala Sahitya Akademi

“ഏതൊരുത്തനൊടിന്നുനമ്മുടെതമ്പുരാൻപടക്കൂട്ടുവാൻ
ഹേതുസാകലഹിപ്പതിന്നെഴുനീററകാരണമെന്തെടോ!
കേട്ടുഞാനുമതിൻെറസംഗതിക്കൂട്ടരാമസുരത്രയം
പാട്ടുപാടിജഗത്ത്രയേശിവനില്ലയെന്നുനടന്നപോൽ
നാട്ടുപാഴരെയിന്നുതന്നെയടിച്ചുകൊല്ലണമൊക്കവേ
കൂട്ടുകാരുടെകൂട്ടവുംപലകൂട്ടമങ്ങുനശിക്കണം;
ഞാനൊരുത്തനെടുത്തുചെന്നുപിടിച്ചുകെട്ടിവരിഞ്ഞഹോ
മാനഹാനിവരുത്തിയിങ്ങുവരുത്തുവൻപുരവീരരേ,
താനതിന്നുപുറപ്പെടേണ്ടതനിക്കതിന്നൊളുതല്ലെടോ!
ദാനവത്രയമത്രദുർബ്ബലമല്ലകില്ലതിനില്ലെടോ!
ഇന്നുമറെറാരുശത്രുവന്നുപിണങ്ങുമോ ശിവനോടഹോ
ഇന്ദുശേഖരനോടുകേറിയെതിർത്തതേതൊരുജ്യേഷ്ഠിയാൻ
ഇന്നുനമ്മുടെനാരദൻമുനിവന്നനേരമറിഞ്ഞുതേ
ഇന്നുനല്ലൊരുയുദ്ധമിങ്ങിതിനിന്നുവന്നുഭവിക്കുമോ?”
കാളികൂളികളിത്തരംപലവാക്കുതമ്മിലുരത്തുടൻ
മേളമേറിനവെള്ളിമാമലതള്ളിയുന്തിനടക്കയും,
ഭദ്രകാളികളിച്ചുകൊണ്ടുടനദ്രിതന്നിൽനടക്കയും
രൌദ്രകോപമെടുത്തുചെന്നുഹരുദ്രനോടിടകൂടിയും
കച്ചകെട്ടിമുറുക്കിനല്ലൊരുവാല്യമിട്ടൊരുസുന്ദരൻ
മെച്ചമേറിനഭൂതനാഥനുദേശമേറിനടക്കയും
മൂഷികൻെറഗളത്തിലേറിനവിഘ്നരാജനുമങ്ങിനെ
വേഷഘോഷണതോഷഭീഷണഭാഷണത്തൊടടുക്കയും

ഇത്തരമോരോമഹാഘോഷത്തോടുകൂടെപ്പുറപ്പെട്ടു
കൃത്തിവാസോമഹാദേവൻചീർത്തകോപംസഹിയാഞ്ഞു
വെട്ടിവെട്ടിച്ചിരിക്കുമ്പോളെട്ടുദിക്കുംനടുങ്ങുന്നു
തട്ടിമുട്ടിത്തകർക്കുന്നുഭൂതജാലങ്ങളന്നേരം

Digitized By Kerala Sahitya Akademi

കാലുകൊണ്ടുമഹാരുദ്രൻനാലുഭാഗേചവിട്ടുമ്പോൾ
ശൈലമെല്ലാംവിറയ്ക്കുന്നുനാലുപാടുംനടുങ്ങുന്നു
ശൈലഭാഗേതപംചെയ്യുംവാനരന്മാർവെളിച്ചത്തു
ചാലവേയങ്ങെഴുന്നള്ളിപ്രകാശിച്ചുനിന്നരുളി;
ദേവകളുംമുനിമാരുംമുകന്ദനുമിന്നിവിടെ
സേവചെയ്വാനവകാശംപറഞ്ഞാലുംവഴിപോലെ
ശങ്കരന്റെയരുളപ്പാടതുകേട്ടുദേവകളും
തിങ്കൾമൌലിചന്ദ്രചൂഡൻതന്നെനോക്കിസ്തുതിചെയ്താർ;—
"ശങ്കരായശിവങ്കരായനിരഞ്ജനായനമോസ്തുതേ!
പങ്കജായുധഭഞ്ജനായനിരഞ്ജനായനമോസ്തുതേ!
ചന്ദ്രചൂഡനമോസ്തുതേ!ഹരഗൌരിനാഥനമോസ്തുതേ!
ബാലചന്ദ്രവിഭൂഷണാ!ഹരനീലകണ്ഠനമോസ്തുതേ!
ഫാലലോലവിലോലനീരദലോചനായനമോസ്തുതേ!
ലോകനാഥനമോസ്തുതേ!നിഖിലേശകാമവിനാശന
കാലകാലനമോസ്തുതേ!കരുണാനിധേശരണംഭവാൻ.

അടിയങ്ങടെനാട്ടുകൾവീട്ടുകളും
മുടിയുന്നിതുപോററിധരിക്കണമേ
പട്ടുപാഴരനേകമൊരായിരവും
പടനായകരുംപട്ടുദാനവരും
ഉടനേപുരദാനവകണ്ടകരും
വടിവൊട്ടുമുടിച്ചുജഗത്തഖിലം
അവരോട്ടുപടയ്ക്കിഹനേരിടുവാൻ
ഭുവനത്തിലൊരുത്തനുമില്ലദൃഢം;
അവനത്തലൊരിത്തിരിയില്ലഭവാൻ
ഇവയൊക്കെയറിഞ്ഞുതുണയ്ക്കണമെ
മറിമാന്മഴുശ്ശൂലംകടന്തുടിയും

Digitized By Kerala Sahitya Akademi

മണിവട്ടകമാലകപാലമതും
ജടയിൽകുടികൊണ്ടിടുമാപഗയും
തുടയിൽഗിരിതന്നുടെകന്യകയും
നടനങ്ങളുമെന്നിവനിൻചരിതം
അടിയങ്ങടെചേതസിതോന്നണമേ
പടതോറുമടങ്ങിജഗത്തഖിലം
തടവില്ലൊരുദിക്കസുരർക്കുമഹോ
മുക്കണ്ണഭഗവാനേമൂക്കന്മാരസുരന്മാ-
രൊക്കെത്തക്കവേമൂന്നേമുക്കാൽനാഴികകൊണ്ടും
ചിക്കെന്നുവധിച്ചെന്നാലക്കാലംമരണമെന്നു
തൃക്കയ്യാൽവരമേകിപ്പാക്കുന്നുവിരിഞ്ചനും;
ഇക്കാലമതിനുള്ളതക്കവുമുള്ളവായി
ധിക്കാരികളായുള്ളമൂക്കന്മാരസുരരേ
തീക്കണ്ണിലെരിപ്പാനായ് തിരുവുള്ളംഭവിക്കേണം"
ഗർവ്വാദിനശിച്ചോരുഗീർവ്വാണപ്രധാനന്മാർ
നിർവ്വാദമുരചെയ്തുസർവ്വരുംവണങ്ങുമ്പോൾ
പാർവ്വതീപതിദേവൻഗർവ്വമോടന്നരുൾചെയ്തു
പൂർവ്വദേവകളുടെദുർവീര്യംശമിപ്പിപ്പാൻ
ഇത്ഥമോരോസ്തുതിവാക്യംകേട്ടുകേട്ടുപ്രസാദിച്ചു
കൃത്തിവാസമഹാദേവൻസത്വരമൊന്നരുൾചെയ്തു
"ദുഷ്ടരാകുമസുരരേയിപ്പൊഴേഞാൻഹനിച്ചീടാം
ഒട്ടുമേനിങ്ങടേയുള്ളിലാധിയുംവ്യാധിയുംവേണ്ടാ!
വില്ലുംബാണവുംനാസ്തിവിദഗ്ദ്ധൻസൂതനുംനാസ്തി
ഇല്ലല്ലോകുതിരകൾനല്ലോരുരഥമില്ലാ;
എല്ലാമിങ്ങുളവാക്കാനെല്ലാരുംശ്രമിക്കേണം
അല്ലാതെപുരന്മാരെക്കൊല്ലാനിങ്ങെളുതല്ലാ"
ഇത്ഥമൊന്നരുൾചെയ്തുഭഗവാൻശ്രീമഹാദേവൻ

Digitized By Kerala Sahitya Akademi

വൃത്രവൈരിപ്രമുഖന്മാരതുകേട്ടങ്ങുളവാകി
ആയതൊന്നുംബലമില്ലാഞ്ഞെംബുജബാണവൈരിയും
മേരുശൈലാധിപൻതന്നെമൂലമോടെപിഴുതാശു
താലവൃക്ഷക്കഴപോലെനിവൎത്തിനിൎത്തിനാൻപിന്നെ
ചാലവേതന്നിടങ്കയ്യിലാക്കിനാൻശ്രീമഹാദേവൻ
ഭാസുരമാംകരംതന്നിൽകടകമായ്ക്കിടക്കുന്ന
വാസുകിയോടരുൾചെയ്തുഭഗവാൻശ്രീമഹാദേവൻ
താരകൻെറസുതന്മാരാംപുരന്മാരെക്കൊലചെയ്വാൻ
മേരുശൈലംചാപമാക്കികുലപ്പാനായ്തുടങ്ങുന്നു
വീരനായവാസുകേ! നീചാരുഞാണായ്ചമഞ്ഞാലും
ഭൂരിദീൎഘാകലന്നൊരുശരീരത്തെധരിച്ചാലും
ശങ്കരൻെറഅരുളപ്പാടതുകേട്ടുസൎപ്പരാജൻ
കങ്കണത്വംവെടിഞ്ഞാശുവളൎന്നുകാണായിവന്നു
തുംഗശൈലാധിപൻതൻെറശിരസ്സിങ്കൽകെട്ടപ്പെട്ട
വൻകയറായ്നീണ്ടുനീണ്ടുനൂറുനൂറായിരക്കാതം
ഭൂമിദേവിരഥമായിവിരിഞ്ചൻസാരഥിയായി
സോമനുംസൂൎയ്യനുംരണ്ടുവണ്ടിയായിച്ചേൎന്നുകൂടി
നാലുവേദങ്ങളുംനാലുകുതിരകളായ്ചമഞ്ഞു
മൂലമന്ത്രസ്വരൂപമാംപ്രണവംചമ്മട്ടിയായി
ശരമായിവിഷ്ണുദേവൻതൂവലായിവായുദേവൻ
ശരത്തിന്നുശയിപ്പാനങ്ങനന്തൻതൂണിയുമായി
തരത്തിൽമൂവരെക്കൊണ്ടുശരംതീൎത്തുശംഭുദേവൻ
സൎപ്പജാലംപലകൂടിച്ചുട്ടയായിത്തൊപ്പിയായി
കെല്പിനോടെപടക്കൊട്ടുംകൊട്ടിനാൻനന്ദികേശ്വരൻ

മേരുശൈലംവളച്ചുപിടിച്ചു
മാരവൈരിവലിച്ചുകുലച്ചു

അമ്പെടുത്തുതൊടുത്തുനിറച്ചു
അമ്പിളിക്കലെനിന്നുവിറച്ചു
കമ്പമേററംജഗത്തിന്നുറച്ചു
ചെമ്പകബാണവൈരിമദിച്ചു
ആറലച്ചു ക്രൂറിളച്ചു,
ആവഹത്തിനുംമോഹമുറച്ചു
കാളകണ്ഠശരീരംവളൎന്നു
കാളിക്കൂളികളേററമിയന്നു
ആൽത്തറയ്ക്കലടുത്തുചെന്നപ്പോൾ
ചീൎത്തവേദനദാനവന്മാൎക്കും
ആരിതെന്നുവിചാരംതുടങ്ങി;
താരകാക്ഷനുംഭീതിതുടങ്ങി
കാമവൈരീകാലവൈരി
കാലതാമസംവിട്ടുടൻതേടി
ശ്രീപതിബാണമുഖത്തിങ്കൽനിന്നു്
ദാനവജ്വാലകത്തിത്തുടങ്ങി
ശ്രീപരമേശ്വരൻതൻത്രിനേത്രത്തിന്നു
ഘോരമായ്ധൂമമെഴുന്നുതുടങ്ങി
ശുക്രമുനിതന്റെശിഷ്യരായുള്ളൊരു
മുപ്പുരന്മാരുംനശിച്ചൊരക്കാലം!
ശംഭോ!മഹാദേവ!ശംഭോ!മഹാദേവാ!
ശംഭോ!മഹാദേവ!ശങ്കര!ശംഭോ!

ത്രിപുരദഹനം പറയൻതുള്ളൽ
സമാപ്തം.

---

"ശ്രീരാമവിലാസം" പ്രസ്സ്, വലിയകട,—കൊല്ലം.

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi